# തൂലിക




LITTLE KITEs 2018-2019

Digital Magazine

KKMHSS CHEEKODE

# ആമുഖം

ഇത് തൂലികയാണ്," ഡിജിറ്റൽ തൂലിക".
ആധുനിക ലോകത്തിൻെറ മഷി
പടരാത്ത  പുസ്തകപ്പുഴുക്കളരിക്കാത്ത
കാലപ്പഴക്കം കൊണ്ട് നിറം മങ്ങാത്ത
പുത്തൻ ചിന്തകളുടെ ലോകം..പുതിയ തലമുറ കാലത്തിനു
നൽകുന്ന കയ്യൊപ്പ്.....ഇത് ഒരു സമന്വയമാണ്,
എഴുത്തിൻെറയും സാങ്കേതിക വിദ്യയുടെയും. മാത്രമല്ല
ഇത് നമ്മുടെ ചരിത്ര മുഹൂർത്തം കൂടിയാണ്.
ഉപദേശങ്ങളും മാർഗ്ഗ നിർദേശങ്ങളുംതന്ന
സുമനസ്സുകളെ
ഈ അവസരത്തിൽ സ്മരിച്ചു
കൊണ്ട് ഡിജിറ്റൽതൂലിക
എന്ന E Magazine നിങ്ങൾക്കായി
സമർപ്പിക്കുന്നു.



ളലിക

# സന്ദേശം



KAMMU KUTTY MK

HEAD MASTER

സാങ്കേതിക വിദ്യ അനുദിനം വികസിച്ചു
കൊണ്ടിരിക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ
സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്
വിദ്യാർത്ഥികൾ തയ്യാറാക്കുന്ന ളലിക
ഡിജിറ്റൽ മാഗസിനിലേക്ക്
സൃഷ്ടികൾ നൽകിയവർക്കും
പിന്നിൽ പ്രവർത്തിച്ചവർക്കും
ആശംസകൾ നേരുന്നു.....

# ആശംസ



**ABDUL AZEES**
PTA PRESIDENT

ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ....
നൂതനമായ ആവിഷ്ക്കാരം...
KKMHSS ചീക്കോടിന്റെ പുതിയ ചുവടു വെപ്പ്.
ഡിജിറ്റൽ, മാഗസിന്റെ അണിയറ ശിൽപികൾക്ക്
ഊഷ്മളമായ അഭിനന്ദനങ്ങൾ.....

# ആശംസ



K.BEERAN HAJI

MANAGER

നമ്മുടെ സ്ക്കൂൾ ഈ വർഷം പുറത്തിറക്കുന്ന 'ളലിക' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.



ABDUL RAOOF M

JITC

I am extremely happy to know that Little Kites club of our school is going to publish a digital magazine for the year 2018-2019. My good wishes for the success of this creditable venture.

The magazine i hope wuold be a worthwhile publication highllghting The various academic and extra-curricular activities of the school

ളലിക

# MESSAGE



ABDUL AZEES MASTER
DEPUTY HM

I congratulate the editorial board and the students of“Little Kites” on its tireless efforts in bringing out the publication of a Digital magazine. It is an amazing idea as we are in a Digital world. This magazine helps us to record our capability, talent and explore the creativepotential.
I extent my sincere thanks who have contributed to this issue and enhanced its perfection, beautification and publication through articles.



IMBICHU MOTHI MASTER
SRG CONVENOR

1t is immense pleasure for the release of the ' Digital Magazine, by the Little Kites Club of our School. I hope this magazine will be the true pulses of our School campus .It will also let the Students to recognise their abilities and duties along with the academic activities that they entrusted .

# സന്ദേശം

മനുഷ്യനെ ലക്ഷ്യബോധത്തോടു
കൂടി പൂർണ്ണതയിലേക്കുള്ള
പ്രയാണത്തിലൂടെ സംസ്കാര
സമ്പന്നനാക്കുന്നതാവണം
വിദ്യാഭ്യാസം അതിന് യഥാകാലം
ഭരണകൂടങ്ങൾ പുതിയ പദ്ധതികൾ
ആവിഷ്കരിക്കാറുണ്ട്.
ആധുനിക വിദ്യാഭ്യാസ രംഗം സൈബർ
ലോകത്തേക്കും
കടന്നിരിക്കുന്നു. അതനുസരിച്ച് സ്മാർട്ട്
ക്ലാസ്റൂമുകളിലൂടെയുള്ള അധ്യാപനവും
ആണ് ഇപ്പോൾ വിദ്യാലയങ്ങളിൽ
സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതിന്
അനുഗുണമായി നമ്മുടെ
വിദ്യാലയത്തിലെ അധ്യാപകരുംവിദ്യാർഥികളും
ചേർന്ന് തയ്യാറാക്കിയ
ഡിജിറ്റൽ മാഗസിന് ( ഉലിക) എന്റെ സർവ്വം
കഷമായ ആശംസകൾ സമർപ്പിക്കുന്നു.



AMSUMATHI TEACHER
SENIOR ASSISTANT

# EDITOR

SHAHAL ABBAS

## SUB EDITORS

MUHAMMED NIYAS K

HIBA SHERIN MP

FATHIMA SANA V

HUSNA P

JRC



SCOUT



LITTE KITES



# ഉള്ളടക്കം


| | | | |
|---|---|---|---|
| സമർപ്പണമാണ് അധ്യാപനം | 11 | My books | 49 |
| HI TECH SCHOOL | 13 | Nature | 50 |
| എന്റെ വിദ്യാലയം | 16 | Children and habit of reading | 51 |
| ജ്വലിക | 17 | സ്നേഹം | 52 |
| I Ride my bycycle | 18 | സ്വർഗ്ഗത്തിലെ കൊട്ടാരം | 55 |
| ടെക്നോളജി | 19 | ഒരു പ്രവാസിയുടെ ജീവിതം | 56 |
| Unforgettable physics class | 27 | നടക്കാതെ പോയ സ്വപ്നം | 59 |
| ഞെട്ടറ്റു വീണ പനിനീർ മൊട്ട് | 23 | സഹയാത്രികരാം എൻ അധ്യാപകർ | 60 |
| മികവുകൾ | 24 | അമ്മ | 62 |
| എന്റെ യാത്ര | 25 | THE WONDERS OF MONTHS | 63 |
| ചോരയിൽ കുതിർന്ന പുള്ളികുട | 28 | THE FIRST DAY OF SCHOOL | 64 |
| മഴത്തുള്ളികൾ | 30 | കാത്തിരിപ്പിനൊടുവിൽ | 65 |
| ഏകാന്തത | 33 | രണ്ടായിരത്തിപതിനെട്ടിലെ കാഴ്ച്ചകൾ | 67 |
| മണ്ണെന്ന അമ്മ | 35 | നന്ദി | 70 |
| ഒരു മിസ് കോൾ | 36 | | |
| അകന്ന എന്റെ മിത്രം | 39 | | |
| ഏകാന്തമായ ജീവിതത്തിൽ ഒറ്റപ്പെട്ട കാണിക | 41 | | |
| ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ | 43 | | |



MUHAMMED KUTTY
STAFF SECRETARY

## സമർപ്പണമാണ് അധ്യാപനം

അറിവുകൾ പകർന്ന് ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് നയിക്കുന്ന അധ്യാപകനോട് ആദരവും സ്നേഹവും വിദ്യാർത്ഥികൾക്ക് ഉണ്ടായിരിക്കണം.ദീർഘവീക്ഷണമുള്ള ഗുരുക്കൻമാർ  വിശുദ്ധിയോടെ അറിവുകൾ പകർന്ന് നൽകുന്നവരാണ്.  ഒരു കുട്ടിയിലെ ജ്വലിക്കുന്ന വ്യക്തിയെ അധ്യാപകൻ ഊതി കാച്ചി എടുക്കണം . ഉയർന്ന ചിന്തകളുള്ള  ആകാശത്തോളവും  അതിനപ്പുറവും സ്വപ്നം കാണുന്നവനായിരിക്കണം തന്റെ കുട്ടി യെന്ന് ഓരോ  അധ്യാപകനും  ചിന്തിക്കണം മറ്റുള്ളവർക്ക് പ്രകാശം നൽകിക്കൊണ്ട് എരിയുന്ന വിളക്ക് തിരിയാണ്  ഇമാം ഗസ്സാലിയുടെ കാഴ്ച്ചപ്പാടിൽ  അധ്യാപകൻ .

എല്ലാതൊഴിലും പഠിപ്പിക്കുന്ന  ഒരു ഒറ്റതൊഴിൽ മാത്രമേയുള്ളു അതാണ്  അധ്യാപനം  അതുകൊണ്ട് തന്നെ കഠിനമായ ജീവിതത്തിലെ പരീക്ഷണങ്ങളെ നേരിടാനും അതിജീവിക്കാനുമാണ് കുട്ടികളെ  പ്രാപ്തരാകേണ്ടത്. അധ്യാപകൻ അറിവ് പകർന്ന് കൊടുത്ത വിദ്യാർത്ഥികൾ   അവരുടെ ലക്ഷ്യത്തിലേക്കുള്ള  വലിയ മത്സര പരീക്ഷകൾ വിജയകരമായി ചാടികടക്കുമ്പോൾ

## ഗുലിക

അവരുടെ മുഖത്ത് കാണുന്ന സന്തോഷത്തിന്റെയും നന്ദിയുടെയും പുഞ്ചിരി  നൽകുന്ന സംതൃപ്തി അത് ആസ്വദിച്ചറിയേണ്ടത് തന്നെയാണ് തന്റെ ശിഷ്യരുടെ വിജയം തന്നെയാണ്  ഏതൊരധ്യാപകന്റെയും ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട സമ്പാദ്യം.ലോകമുള്ളിടത്തോളം കാലം അധ്യാപകന്റെ പ്രസക്തി നഷ്ടപ്പെടുകയില്ല.

ആധുനിക കാലത്തിന്റെ മുഖമുദ്രയായി സാങ്കേതിക വിദ്യയുടെ വളർച്ചയും വിവര സാങ്കേതിക വിദ്യാരംഗത്തെ കുതിച്ചു ചാട്ടവും അധ്യാപകരേയും ഏറെ സ്വാധീനിച്ചിട്ടുണ്ട്. ഈ മാറ്റം അധ്യാപനത്തിലും ക്ലാസ് മുറികളിലും പ്രതിഫലിക്കുന്നുണ്ട്. അധ്യാപന വൃത്തി ഒരു പരിപാവനമായ തൊഴിലായി ഇന്നും സമൂഹം അംഗീകരിക്കുന്നു എന്നത് ഈ തൊഴിലിന്റെ മഹത്വത്തെയാണ് സൂചിപ്പിക്കുന്നത്. പാരമ്പര്യ മൂല്യങ്ങളും ആധുനികതയുടെ മികവുകളും സമന്വയിച്ച് ഒരു മികവുറ്റ അധ്യാപകനാവാൻ നാം പരിശ്രമിക്കേണ്ടതുണ്ട്.

ANISH JOHN
SITC



# HI-TECH SCHOOL PROGRAMME

Kerala schools are fast becoming digital with hi-tech classrooms equipped with advanced gadgets, including laptops and multi-media projectors, in almost all classrooms in the state. As part of the ambitious 'Hi-Tech school' project of the state government, the Kerala Infrastructure and Technology for Education (KITE) has enabled all classrooms in selected state-run and aided schools to become hi-tech.

KITE, formerly IT@School project under the state General Education Department, is a special purpose vehicle envisaged to promote IT education in state schools. K Anvar Sadath, vice chairman and executive director, KITE, said northern Malappuram district tops in the number of hi-tech classrooms, followed by neighbouring Kozhikode and Thrissur district .

The project have completed the deployment of laptops, multi-media projectors, mounting kits, USB Speakers etc to all classrooms and additionally laptops for the

Of the total 4,752 and aided high schools, higher secondary and vocational higher secondary schools, all classrooms in 3,676 schools have been made hi-tech, "As a requisite for the hi-tech school programme, the schools have to ensure safe and

secure classrooms only after which the ICT (Information Communication Technology) equipment would be provided to them,"

Teachers can take the equipment, which are to be kept in the labs, to the classrooms for teaching as and when it is required. With such a plan in place, all students in Class 8 to 12 in Kerala would be able to make use of hi-tech classroom facility now.

Government of Kerala has identified IT@School Project as the implementing agency of the 'High Tech school programme' by which all Classes from Std 8 to 10 in the Government and Aided schools in the State would be upgraded international standards.

All classrooms would be equipped with Digital Interactive Textbooks, Digital Content Collection for easy learning of all subjects, Resource portal which would ensure a round-a clock learning atmosphere to all, E-learning / M-Learning / Learning Management system, evaluation mechanisms in addition to Computers, Multimedia Projector, Sound System and High Speed internet connection which every student and teacher could make use of.

Free and Open Source Software based Operating System and resources which does not imply any recurring charges or license fee, but instead provides unrestricted access, sharing of digital contents and educational software would be used in all schools.

A well-equipped computer lab would feature in all Hi-Tech schools as part of ICT enabled education. In the first phase, ICT equipments would be deployed to the Hi-Tech schools at the ratio of one computer lab for every 15 div

Specific systems would be put in place for documenting the progress of each activity in the schools and to recommend ways of improvement. Each school

would be provided with individual pages in the general portal and in SchoolWiki also for this process. There would also be mechanism for recording the best practices in each Hi-Tech school.  Digital contents would be collaboratively made with active participation from teachers and students.  Special encouragements would be extended to the school, teacher, school IT Co-ordinator, Student IT Co-ordinator and the Master Trainer who excel in each term.

**Objectives of Little KITEs programme**

1. To encourage the natural interest of students in ICT field and to create a culture for appropriate usage of technology and software.

2. To provide an opportunity for students to learn the different perspectives of ICT tools, so as to make use of them for their learning activities.

3. To ensure participation of students in the usage and upkeeping on ICT equipments at schools, thereby increasing the productivity of the school is ICT enabled learning.

4. To empower students to undertaken minor technical issues of ICT equipments.

5. To enrich students on proper and safe internet usage and cyber security, and also to inculcate the importance of language computing.

# എന്റെ വിദ്യാലയം





# തൂലിക

ലോകം ഭയകക്കുന്ന മൂന്നക്ഷരം -ഫാസിസം
ഫാസിസം ഭയക്കുന്ന രണ്ടക്ഷരം -പേന
നീലയാം രക്തത്തിൽ ലാർത്തവിച്ചുണരുന്ന
അത്ഭുതമാം ഒരു നാമമീ- പേന
ഹിംസയാൽ ഒഴുകുന്ന അമ്മയാം ഭാരതത്തെ
അഹിംസയാൽ തീർക്കുവാൻ പൊരുതുന്നീ- പേന
നീതിയുമനീതിയും പൊരുതുന്ന കാലത്ത്
**നീതിക്കായ് ഉയരുന്നൊരാർഥവം -പേന**

SAFWAN KP 9J



# I Ride My Little Bycycle

I ride it to shop
And when i see the big red light
i know i have to stop



I ride my little bicycle
I ride it to the gate
And when i see the yellow light
`i know i have to stop

I ride my little bicycle:
I ride it to the show
And when I see the big green light

I know that i can go

**KADEEJA MIZAJIO 8B**



## ടെക്നോളജി

ABDUL HAMMEED C

*കുഞ്ഞിളം കൈകൾക്കു തോണ്ടി കളിക്കുവാൻ*

*കൂട്ടുകാരനായിന്നു ഞാനുണ്ട്*

*കണ്ടാൽ കളിപ്പാട്ട മാകിലും ഞാനൊരു*

*കാര്യം പറയട്ടെ കൂട്ടരെ കേൾക്കുവിൻ*

*എന്നുടെ വാതായനങ്ങളിൽ കാണുന്നു*

*എന്നുമീ ലോകം, ഒരു കൊച്ചു ഗ്രാമമായ്!*

*വേണ്ടതും വേണ്ടാത്തതുമുണ്ടതിൽ നിന്ന്*

*വേണ്ടതെടുത്തു നീ വിദ്യ നുകരണം*

*'ടെക്നോളജി'എന്ന നാമമെനിക്കുണ്ട്*

*'ടെക്നിക്ക' കാട്ടി ഞാൻ മുമ്പിൽ നടന്നിടാം*

*വിജ്ഞാനമേറെയുമെന്നിൽ സുലഭമാ-*

*അജ്ഞാനം വേണ്ട; ഞാൻ കൈവിരൽ തുമ്പിലാ*

'ടെക്നോളജി'എന്ന നാമമെനിക്കുണ്ട്

'ടെക്നിക്ക്' കാട്ടി ഞാൻ മുമ്പിൽ നടന്നിടാം

വിജ്ഞാനമേറെയുമെന്നിൽ സുലഭമാ-

അജ്ഞാനം വേണ്ട; ഞാൻ കൈവിരൽ തുമ്പിലാ....



**SAFIYA K (BIOLOGY)**

# Unforgettable Physics Class

“What are the properties of Alpha rays, you ..........?” My Physics teacher asked me before thirty seven years ago when I was in tenth standard. I slowly stood up and began to answer the question. But because of fear I could not answer the question completely. He became angry, beat me twice and blamed me. Moreover, he teased me in front of my classmates.

On that day I had worn a new dress which was brought by my father. “Wearing of new dress is not enough, but you should study well, sit down”, he told loudly. I began to cry and continued it till evening. Before leaving the school I took the decision to stop my studies and returned to my home. But I could not tell this to my mother who was very strict. So I suppressed my tears and tolerated the pain that affected

my heart.

Next morning I took my bag and went to the school very sadly. Days passed by.... I concentrated more in my studies and I got ninety percent marks in Physics in the SSLC examination. However, that Physics teacher is my model teacher in my teaching profession. The dedication, strictness and punctuality of such teachers lead the students to the right path.

**But now I am a biology teacher. I like this subject very much and even now the interesting biology classes of my school days are there in my memories.........**

# ഞെട്ടറ്റു വീണ പനിനീർ മൊട്ട്



ഇരമ്പുന്ന കടലേ...
നീ കണ്ടില്ലയോ?
നിൻ തീരത്തു കിടക്കുന്ന
ആ പനിനീർ മൊട്ടിനെ
അറിയുമോ നിനക്കതാരാണെന്ന്?
ക്രൂര നക്ഷത്രങ്ങളുടെ ക്രൂരതകൾ
നീ വായിച്ചില്ലയോ...?
ആ കുഞ്ഞു നക്ഷത്രങ്ങളിൽ നിന്ന്...

ജീവിത നൗകയിൽ നിന്ന്
കാലിടറി വീണതാണവൻ
നീ മാത്രമായിരുന്നു അവനഭയം
നീയും പുറം തള്ളിയോ
നിന്നിലേക്കായ് അവൻ നോക്കുന്നു.
ക്രൂരതകൾക്കെതിരെ കൺ തിരിച്ച്
ഒരിക്കലും തിരിച്ചു വരാനാകാത്ത
നിദ്രയിലാണ്ടതാണവൻ എൻ
ഐലൻ കുർദി!

ZAINABA THASNEEM.10J

# മികവുകൾ






NEEFA 9J

സംസ്ഥാന സ്ക്കൂൾ ശാസ്ത്രമേളയിൽ
പ്രാദേശിക ചരിത്ര രചനയിൽ A ഗ്രേഡ്

# എന്റെ യാത്ര

ഞാൻ ഏഴാം ക്ലാസിൽ പഠിക്കുന്നു. അദ്ധ്യാപകരുടെയും കുട്ടികളുടെയും നിർബന്ധത്താൽ ഞങ്ങൾ ഒരു ടൂർ പോവാൻ തീരുമാനിച്ചു. ടൂറിന് 400 രൂപ. അന്ന് ഒരു ദിവസം ഞങ്ങൾ പുറപ്പെട്ടു. രാവിലെ ഏഴു മണിക്ക് ഞങ്ങൾ എത്തിയത് കനോലി പ്ലോട്ടിലായിരുന്നു. അവിടെ ഒരുപാട് ഒരുപാട് മരങ്ങൾ അതിലെല്ലാം ഇഷ്ടംമാതിരി കുരങ്ങൻമാർ. ഞങ്ങൾ ഒരുപാട് ഫോട്ടോയും എടുത്തു. ഞങ്ങളുടെ എല്ലാവരുടെയും കയ്യിൽ ഓരോ നോന്ത്രപ്പഴവും ഉണ്ടായിരുന്നു. കുരങ്ങൻ കണ്ണുവെട്ടിച്ച് അത് വാങ്ങാനെല്ലാം ശ്രമിച്ചു. കാണാൻ നല്ല രസമായിരുന്നു.കുരങ്ങൻമാർ പല കോപ്രായങ്ങളും കാണിച്ചു. നല്ല രസമുണ്ടായിരുന്നു. പിന്നെ റോഡിലൂടെ നടന്ന് ഇടവഴിയിലൂടെ നടന്ന് പാലത്തിനപ്പുറവും കടന്ന് ഞങ്ങൾ ഉദ്ദേശിച്ച സ്ഥലത്തെത്തി. ഞങ്ങൾ അഞ്ച് പേർ ഒപ്പം ആയിരുന്നു നടന്നത് ഫർഹാന , ബിസാന, റുഷ്ദ, ഷിറിൻ പിന്നെ ഞാൻ. ഞങ്ങൾ ഓരോ തേക്കിന്റെ അടുത്തുനിന്നും ഫോട്ടോ എടുത്തു. എന്തൊരു വലിയ തേക്കുകളായിരുന്നു എത്ര പഴക്കമുള്ളതും. പിന്നെ ഞങ്ങൾ തേക്ക് മ്യൂസിയത്തിലേക്ക് യാത്ര തിരിച്ചു. ആ സ്ഥലം അടിപൊളിയായിരുന്നു. അവിടെയെല്ലാം ചുറ്റിക്കറങ്ങി എന്തു രസം! അതെല്ലാം കാണാൻ. പിന്നെ അവിടെ ഒരുപാട് കാഴ്ച്ചകളും കണ്ടു. പിന്നെ ട്രെൻ യാത്രയായിരുന്നു. നിലമ്പൂരിൽ നിന്നായിരുന്നു യാത്ര. ഓരോ സ്റ്റോപ്പും എത്തുമ്പോഴും സ്ഥലം എത്തി എന്നു കരുതിയിരുന്നു. ഒരുപാട് സ്റ്റോപ്പും കഴിഞ്ഞ് അവസാനം ഞങ്ങളുടെ സ്റ്റോപ്പും എത്തി. പിന്നെ ഞങ്ങൾ ബസ്സിൽ കയറി . പിന്നെ ഞങ്ങൾ യാത്ര തിരിച്ചത് ഒരു ഉഗ്രൻ സ്ഥലത്തേക്കായിരുന്നു. എന്ത് പരിപാടി ഉണ്ടായാലും നിറയുന്ന ഒരു സ്ഥലം. നമ്മുടെ സ്വന്തം മലപ്പുറം കോട്ടക്കുന്ന് പാർക്ക്. അവിടെ ബലൂൺ പാർക്കിലേക്കായിരുന്നു ഞങ്ങൾ പോയത്. അപ്പോഴേക്കും കുറച്ച് ഇരുട്ടായിരുന്നു. കാരണം ട്രെയ്ൻ വരാൻ നേരം വൈകിയതായിരുന്നു.

ുളിക

*ഞങ്ങൾ അഞ്ചുപേർ ബസ്സിൽ കയറി കുറേ പാട്ടുപാടി. ഇനിയും ഒരുപാട് കാഴ്ച്ചകളുണ്ട് പിന്നീടൊരിക്കലാകാം. ബസ്സിന്റെ സീറ്റുകളിലേക്ക് ചാരിയിരുന്ന് ഞാൻ കണ്ണുകളടച്ചു. ഈ കാഴ്ചകൾ മങ്ങാതിരിക്കട്ടെ. തെളിമയുള്ള ഒരോർമ്മയായി എന്നുമുണ്ടാവട്ടെ.*

**FATHIMA NASLA 8D**

# ചോരയിൽ കുതിർന്ന പുള്ളിക്കുട



ദരിദ്ര കുടുംബത്തിൽ നിന്നാണ് അവൾ വന്നത് അദ്ധ്യാപകരുടെയും നാട്ടുകാരുടെയും കണ്ണിലുണ്ണിയായിരുന്നു. ഉപ്പയും ഉമ്മയും സഹോദരനും അടങ്ങുന്നതാണ് അവളുടെ കുടുംബം. ഇവർക്ക് ഒരു അയൽക്കാരുണ്ട് അവിടെയുള്ളവർക്ക് ഇവർ ദരിദ്രരായതിനാൽ കണ്ണിൽ കണ്ടൂടാ. അങ്ങനെ രണ്ടുമാസത്തെ വേനലവധി കഴിഞ്ഞ്  വീണ്ടും അവൾ സ്കൂളിലേക്ക് പോകാനൊരുങ്ങി. തലേ ദിവസം വരെ പെയ്ത മഴ അവൾക്കു വേണ്ടി നിർത്തി വച്ചതുപോലെ അവൾക്കു തോന്നി. അങ്ങനെ ഉമ്മയോടും ഉപ്പയോടും ഒരു സലാം പറഞ്ഞ് അവൾ നടന്നുകൊണ്ടിരിക്കുമ്പോൾ വീണ്ടും മഴ തുടങ്ങി. ദാരിദ്ര്യം കാരണം ഇവൾക്ക് ഒരു കുട പോലുമില്ലായിരുന്നു. അപ്പോഴാണ് അവൾ അവളുടെ  അയൽക്കാരിയായ നൂറിനെ കണ്ടത്. അവൾ വേഗം അവളുടെ അടുത്തേക്കോടിപറഞ്ഞു : “ ഏയ്  നൂറാ.... എന്നേയും നിന്റെ കുടയിൽ കൂട്ടുമോ”...

എന്നാൽ അഹങ്കാരിയും ദുഷ്ടയുമായ നൂറ അവളെ തള്ളിയിട്ടു. അവൾ നേരെ ചെന്ന് വീണത് മഴപെയ്ത് ചളിവെള്ളം നിറഞ്ഞ സ്ഥലത്തേക്ക്. അവൾക്ക് ആകെ വിഷമമായി എങ്കിലും അവൾ സ്കൂളിലേക്ക് പോയി. സ്കൂളിൽ വന്ന അവളെ കുട്ടികൾ കളിയാക്കി ചിരിച്ചു എന്നാൽ അവൾക്ക് ഏറ്റവും സ്നേഹമേറിയ സൗദ ടീച്ചർ മാത്രം അവളെ കളിയാക്കിയില്ല. അവൾ ഒരുപാട് വിഷമത്താൽ സ്കൂളിൽ നിന്ന് ഇറങ്ങി വന്നപ്പോൾ അവളുടെ പിറകിൽ നിന്ന് സൗദ ടീച്ചർ അവളെ വിളിച്ചു. “ ഏയ് നിദ നിനക്കെന്തു പറ്റി മഴയുണ്ടായിരുന്നേൽ അവിടെക്കേറിയിരുന്നാൽ പോരായിരുന്നോ. നീ എങ്ങനെയാ ചളിയിൽ ഉരുണ്ടത്”. അവൾ നടന്ന സംഭവമെല്ലാം ടീച്ചർക്ക് വിശദീകരിച്ചു കൊടുത്തു. അവളോട് സഹതാപം തോന്നിയ ടീച്ചർ അവളെ സഹായിക്കാൻ ഒരു യൂണഫോം വാങ്ങി അവൾക്ക് കൊടുത്തു. ഈ സ്നേഹം കണ്ട അവളുടെ കണ്ണുകൾ അറിയാതെ നിറഞ്ഞു .അവൾ പറഞ്ഞു " ടീച്ചർക്ക്

ടീച്ചർ സഹായിച്ചില്ലെങ്കിൽ എന്റെ ഇന്നത്തെ പഠനം മുടങ്ങിയേക്കുമായിരുന്നു" അപ്പോൾ ടീച്ചർ അവളോടു പറഞ്ഞു " നിദാ നീ പഠിച്ച് വലിയ ആളാവണം നിനക്ക് അത് പറ്റും" എന്നൊക്കെപ്പറഞ്ഞ് അവളെ ഉൽസാഹിപ്പിച്ചു. സ്കൂൾ വിട്ട് വീട്ടിലേക്ക് തിരിച്ചെത്തിയ

അവൾ ഉമ്മറപ്പടിയിൽ ഇരിക്കുന്ന ഉമ്മയെയും ഉപ്പയെയും കണ്ട് സന്തോഷിച്ച് വേഗം അവരുടെ അടുത്തേക്ക് ഓടി സലാം പറഞ്ഞ് അവർക്ക് ഒരു മുത്തം കൊടുത്തു. അവരുമായി അവൾ കുശലം പറഞ്ഞു. അങ്ങനെ രാത്രി ഭക്ഷണം കഴിക്കാൻ ഇരുന്നപ്പോഴും അവളുടെ ഏട്ടൻ ആദിൽ വരാത്തത് മനസ്സിലാക്കി അവൾ ഉമ്മയോട് കാര്യം തിരക്കി അപ്പോൾ ഉമ്മ പറഞ്ഞു അവന് രണ്ട് ദിവസം പണിയുണ്ട് കുറച്ച് ദൂരെയാ വന്ന് പോവാനുള്ള സമയമുണ്ടാവില്ല. ഇത് കേട്ടപ്പോൾ അവൾക്ക് സങ്കടമായി കാരണം അവനോടായിരുന്നു അവൾ എല്ലാ കാര്യവും പറഞ്ഞിരുന്നത്. അങ്ങനെ അവൾ ഓരോന്ന് ആലോചിച്ച് പെട്ടെന്ന് ഉറങ്ങി. അവളുടെ ഏട്ടൻ പ്ലസ് ടു വിലാണ് പഠിക്കുന്നത്. കുടുംബം നോക്കാനായി അവൻ പരീക്ഷക്കു മാത്രമായിരുന്നു സ്കൂളിൽ പോവുക. എന്നാലും അവനു മാർക്കും ഉണ്ടായിരുന്നു. അങ്ങനെ എന്നും അവൾ സ്കൂൾ വിട്ടു വന്ന് വീട്ടിലെ ജോലി ചെയ്യും. ആദി തിരിച്ച് വന്നപ്പോൾ അവൾ അവനോട് നൂറ കാണിച്ച സംഭവം പറഞ്ഞു. അതു കേട്ട അവൻ രോഷാകുലനായി. അവൾ വിചാരിച്ചിരുന്നത് അവൻ ഇപ്പോൾ തന്നെ അവളുടെ വീട്ടിൽ പോയി ബഹളമുണ്ടാക്കും എന്നായിരുന്നു. പക്ഷെ അവൾ തടഞ്ഞില്ലായിരുന്നുവെങ്കിൽ അങ്ങനെ തന്നെ സംഭവിക്കുമായിരുന്നു. അങ്ങനെ ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കഴിഞ്ഞു. അവൾ പത്താം ക്ലാസിൽ എത്തി. ആദിലിന്റെ അധ്വാനം കൊണ്ട് അവളുടെ പത്താം ക്ലാസ് മറ്റെല്ലാ വർഷത്തേയും അപേക്ഷിച്ച് സന്തോഷം നിറഞ്ഞതായിരുന്നു. കാരണം അവൾക്ക് ഒരു നല്ല സുഹൃത്തിനെ കിട്ടി. അത് സഫ്നയായിരുന്നു. പുതുതായി വന്ന അവളുടെ അയൽവാസി ഉല്ലാസത്തിനാലും തമാശകളാലും നിറഞ്ഞ എസ് എസ് എൽ സി വർഷത്തിലെ അവസാന പരീക്ഷ കടന്നെത്തി. അവളും സഫ്നയും നന്നായി പരീക്ഷ എഴുതി. അങ്ങനെ എസ് എസ് എൽ സ് യുടെ ഫലം അറിയുന്നത് വരെ അവർ രണ്ടു പേരും പ്രാർത്ഥനകളിൽ മുഴുകി. എസ് എസ് എൽ സി റിസൽട്ട് വന്നു അവൾക്കും സഫ്നക്കും ഫുൾ എ പ്ലസ്. അവർക്ക് നല്ല ഒരു സമ്മാനം നൽകാൻ ആദിൽ അവരോട് ഇപ്പം വരാം എന്ന് പറഞ്ഞു പോയി. സമയം ഏറെ വൈകി ആദിൽ വന്നില്ല നിദയുടെ എല്ലാ സന്തോഷവും നഷ്ടപ്പെട്ടു. സഫ്നയും ആകെ

വിഷമിച്ചു. അവർ കാത്തിരുന്ന കാത്തിരുന്ന നേരം ഒന്പത് മണി കഴിഞ്ഞു. അപ്പോൾ പരിചയക്കാർ ആരൊക്കെയോ വരുന്നത് അവർ രണ്ടു പേരും കണ്ടു. അവരുടെ പിറകിലായി ഒരു ആംബുലൻസ് വന്നു നിന്നു. അത് കണ്ടപ്പോൾഅവൾ മുറ്റത്തേക്കിറങ്ങിയോടി .

ആംബുലൻസ് വന്നു നിന്നു അത് തുറന്നപ്പോൾ പുന്നാര ഏട്ടനേയും ചോരയിൽ കുതിർ പുള്ളിക്കുടയെയും കണ്ട് അവർ ആകെ തളർന്നു. ആരൊക്കെയോ പറയുന്നത് കേട്ടു, അവന്റെ ബൈക്കും ഒരു കാറും കൂട്ടിയിടിച്ചതാണ്. ഇതു കൂടെ കേട്ടപ്പോൾ അവൾ ആകെ തളർന്നു. ചോരയിൽ കുതിർന്ന ആ പുള്ളിക്കുടയുടെ അടുത്ത് അവൾ ദീർഘകാല ഉറക്കത്തിലേക്ക് വീണു.

FATHIMA FIDA EK 10F

# മഴത്തുള്ളികൾ

വേനൽ തുടങ്ങി അവളുടെ കൂട്ടുകാരി ഇപ്പോൾ കൂടെ ഇല്ല. അവൾക്ക് അച്ഛനും അമ്മയും പോലെ ആണ് ആക കൂട്ടുകാരി. ആരാണ് ആ കൂട്ടുകാരി?.
തലയോലപ്പറമ്പിലെ രുക്മിണിയുടേയും ലക്ഷ്മണന്റെയും മകളായ പാർവ്വതി. എല്ലാവരും പാർവ്വതിയെ പാറു എന്ന് വിളിക്കും.
അവർക്ക് ഒരു കൂട്ടുകാരി ഉണ്ട് സ്വാതി.അവളുടം ഏറ്റവും പ്രിയപ്പെട്ട ഒരു കൂട്ടുകാരിയാണ് പാർവ്വതിയും സ്വാതിയും ,അവർ ഒരുമിച്ചാണ് സ്കൂളിലേക്ക് പോകാറുള്ളത് . സ്വാതിയേക്കാൾ പ്രയപ്പെട്ട ഒരു കൂട്ടുകാരി പാറുവിന് ഉണ്ടായിരുന്നു. ഇങ്ങനെ ഒരു കൂട്ടുകാരി ഉള്ളത് സ്വാതി അറിഞ്ഞു. അവളുടെ ആ കൂട്ടുകാരി ആരാണെന്ന് അറിയാൻ സ്വാതി കുറേ വഴികൾ എടുത്തു



പക്ഷെ ആ വഴികളിൽ സ്വാതി വിജയിച്ചില്ല.
പാറു ഇപ്പോഴും ധർമ്മ സങ്കടത്തിലാണ് , എന്തെന്ന് വച്ചാൽ അവളുടെ കൂട്ടുകാരി അവളെ വിട്ട് പിരിഞ്ഞ് , ഇനി കുറേ കഴിഞ്ഞേ ആ കൂട്ടുകാരി
വരുകയുള്ളൂ അങ്ങനെ ഇരിക്കെ ഒരു ദിവസം പാറുവിനോട് സ്വാതി ചോദിച്ചു നിനക്ക് ഞാനല്ലെ ഏറ്റവും അടുത്ത കൂട്ടുകാരി, ഇനി ഞാനല്ലാതെ വേറെ ആരെങ്കിലും ഉണ്ടോ . പാറു മിണ്ടാതെ സങ്കടത്തോടെ കൂടി തന്നെ നിന്നു സ്വാതി വീണ്ടും ചോദിച്ചു. ഞാൻ ചോദിച്ചതിനൊന്നും നീ എന്താണ് ഉത്തരം തരാത്തത് . നീ എന്നോട് പിണങ്ങിയിട്ടുണ്ടോ അല്ലെങ്കിൽ ഞാൻ എന്തെങ്കിലും തെറ്റ് ചെയ്തോ ഈ ചോദ്യങ്ങളെല്ലാം കേട്ട് പാറു പറഞ്ഞു എന്റെ കൂട്ടുകാരി അല്ലേ നീ പിന്നെ ഞാനെന്തിനാ നിന്നോട് പിണങ്ങുന്നത് , നീ ഒരു തെറ്റും ചെയ്തില്ല . അങ്ങനെ കുറേ ദിവസം കഴിഞ്ഞു ആ ദിവസങ്ങളിൽ സ്വാതി പാറുവിനോട് ഈ ചോദ്യം തന്നെ തുടർച്ചയായി ചോദിച്ചിരുന്നു ഇതെല്ലാം ആലോചിച്ച് പാറു ഇരിക്കുകയായിരുന്നു അപ്പോൾ പാറുവിനൊരു സംശയം അവൾ ആലോചിച്ചു എനിക്ക് ഇങ്ങനെ ഒരു കൂട്ടുകാരി ഉള്ളത് അവർക്ക് എങ്ങനെ മനസ്സിലായി എനിക്ക് ഇതൊന്നും

ഉലിക

ആലോചിച്ചിട്ട് മനസ്സിലാകുന്നില്ലല്ലോ  എന്റെ ദൈവങ്ങളേ ഇനി നീ മാത്ര മൊള്ളൂ എനിക്ക് തുണായായിട്ട് അങ്ങനെ അമ്മ അടുക്കളയിൽ നിന്ന് വിളിച്ച പറയുന്നുണ്ട്  മോളെ പാറു നിനക്ക് ഇന്ന് സ്കൂൾ ഇല്ല വേഗം വന്ന് കുളിച്ച് ഭക്ഷണം കഴിക്ക് പൊക്കോ. അങ്ങനെ അവൾ സ്കൂളിൽ പോകാൻ ഒരുങ്ങിയ. അപ്പോൾ സ്വാതി പാറുവിന്റെ വീട്ടിലേക്ക് വന്നു. അങ്ങനെ പാർവ്വതിയും സ്വാതിയും സ്കൂളിലേക്ക് നടന്നു. അപ്പോൾ പാറു സ്വാതിയോട് പറഞ്ഞു നീ എന്നോട് ചോദച്ചതിന്  ഞാൻ മറുപടി ഒന്നും പറഞ്ഞില്ലല്ലോ... എന്നാൽ നീ കേട്ടോ എനിക്ക് നീ അല്ലാതെ വേറെ ഒരു കൂട്ടുകാരി ഉണ്ട്  അത് നമ്മളെ പോലയല്ല സ്വാതി ചോദിച്ച പിന്നെ എങ്ങനെയാണാവൊ (പരിഹാസം കൊണ്ട് ചിരിച്ച് ചോദിച്ച) എന്റേക്കാൾ  ഇഷ്ടം അവളോടാണൊ ? ഇതു കേട്ട  പറഞ്ഞു നമ്മളെ പോലെ അല്ല എന്ന് ഞാൻ പറഞ്ഞില്ലെ . ചില സമയങ്ങളിൽ നമ്മൾ അവളെ തേടും , ചില സമയങ്ങളിൽ അവൾ നമ്മളെ തേടിവരും , അവ്വൾ തുള്ളി ചാടിയാണ് വരുക, ഞാനിത്രയും പറഞ്ഞില്ലേ ഇനി ഇതിൽ കൂടുതൽ എന്നോട് ചോദിക്കരുത് . സത്യം പറഞ്ഞു നീ തന്നെ എന്നോട് പറയാറുള്ളത് കൂട്ടുകാർക്കിടയിൽ രഹസ്യം പാടില്ല ,എന്നിട്ടും നീ തന്നെ ഇങ്ങനെ ചെയ്താലൊ. ഇതെല്ലാം കൂടി കേട്ട് പാറിവിന് തലവേദന വരാൻ തുടങ്ങി. അപ്പോൾ പാറു ആലോചിച്ച, ഇനി ഇതു മറച്ച വെക്കണ്ടാ  ഇത് വലിയ പ്രശ്നമായിതീരും . എല്ലാകാര്യവും തീരുമാനിച്ചിട്ട്  സ്വാതിയോട് പറഞ്ഞു ഇനി ഞാൻ ഒന്നും നിന്നിൽ നിന്ന് മറക്കില്ല ഞാൻ നിന്നോട് എല്ലാ സത്യവും തുറന്ന് പറയാം, പക്ഷെ ഇന്നല്ല  നാളെ ഞായറാഴ്ച്ച നീ നാളെ എന്റെ വീട്ടിലേക്ക വാ. ഇതുകേട്ട സ്വാതിക്ക് വലിയ സന്തോഷമായി . അങ്ങനെ അടുത്ത ദിസം നേരം വെളുത്തു. അങ്ങനെ സ്വാതി ജോലികളെല്ലാം തീർത്ത്  പാറുിന്റെ വീട്ടിൽ എത്തി. അങ്ങനെ പാറുവും സ്വാതിയും ഒരു മരത്തന്റെ ചുവട്ടിലേക്ക് പോയി . സ്വാതി പറഞ്ഞു നീ ഇന്ന എന്നോട് എല്ലതും പറയാം എന്ന്  പറഞ്ഞില്ലേ എന്നാൽ വേഗം പറ ഇതുകേട്ട് പാറു പറഞ്ഞ് നീ  ധൃതി കൂട്ടാതെ  ഞാൻ പറയുക തന്നെയാണ് സ്വാതി ആകാംക്ഷയോടെ കാത്തുനിന്ന കാതുകൾ വീർപ്പിച്ച് കണ്ണുകൾ തുറന്ന് പാറുവിനെ തന്നെ നോക്കി ഇരുന്ന അത് ഒരു മഴക്കാലവാഴിരുന്ന ആ തകർത്തു പെയ്ത മഴയിൽ പുഴകളും തോടുകളും പാടങ്ങളും നിറഞ്ഞൊഴുകി ആ കള കള ശബ്ദം കേട്ട് ഞാൻ വീടിന്റെ പുറത്ത് ഇറങ്ങി. ആകാശത്തേക്കൊന്ന് നോക്കി അപ്പോൾ ഒരു മഴത്തുള്ളി എന്റെ നെറ്റിയിലേക്ക് വീണ ആ മഴത്തുള്ളി എന്നോട് പറഞ്ഞു നീയെന്റെ കൂടെപ്പോരുന്നോ നമുക്ക് ഒരുമിച്ച് കൂട്ട്

കൂടാം ഇത് കേട്ട് എനിക്ക് വലിയ സന്തോഷമായി. ഇതിനു ശേഷം എല്ലാ ദിവസവും ആകാശത്ത് മഴക്കാർ വരാൻ തുടങ്ങിയാൽ അന്നേരത്ത് അമ്മയെകാണാതെ പുറത്തിറങ്ങുന്ന എന്റെ കൂട്ടുകാരിയുടെ കൂടെ തുള്ളിച്ചാടി കളിക്കും ആ മഴത്തുള്ളികൾ വീടിന്റെ അപ്പുറത്ത് നിന്ന് ഓടിന്റെ തുമ്പിൽ നിന്ന് നല്ല ആകൃതിയിൽ വീഴുന്നത് കാണാൻ എന്ത് രസാ  എന്നറിയോ ഇതു കണ്ട് അമ്മ വഴക്ക പറയും . അതൊന്നും ഞാൻ കേൾക്കാതെ എന്റെ കൂട്ടുകാരിയുടെ കൂടെ ഞാൻ ഉത്സവംപോലെ ആടി പാടി കളിക്കും കുറേ ദിവസം കഴിഞ്ഞ് മഴത്തുള്ളികൾ  പതിവു പോലെ വരുന്നത് കാണുന്നില്ല . ഇതിനിടയിൽ എനിക്ക് പനിയും ജലദോഷവും ഉണ്ടായിരുന്നു. ഞാൻ വിചാരിച്ചു എനിക്ക് രോഗം വന്നത് കണ്ടിട്ടാവാം എന്റെ കൂട്ടുകാരി വരാത്തത് . രാഗം മാറി കുറേ ദിവസം കഴിഞ്ഞു, എന്റെ ആ സന്തോഷം  നീണ്ടുനിന്നില്ല കാരണം മഴ വരാത്തു മൂലം അമ്മയോട് ചോദിച്ചിരുന്നു .  അപ്പോൾ അമ്മ ഒരു വാക്കു പറഞ്ഞു. മഴക്കാലം കഴിഞ്ഞ് ഇപ്പോൾ വേനൽക്കാലമായിട്ടാണ് മഴ വരാത്തത്. ഇത് കേട്ട് എനിക്ക് വളരെയധികം സങ്കടമായി. ഇത് കേട്ട് ഞാൻ എന്റെ മുറിയിലേക്ക് ഓടിപ്പോയി വാതിലടിച്ച്  ഞാനെന്റെ എന്റെ  ദുഖങ്ങൾ എഴുതി. ഞാൻ ഒരുപാട് കരഞ്ഞു എനിക്ക് ഒരുപാട് സന്തോഷം തന്നു. എന്റെ മഴത്തുള്ളി പറഞ്ഞിട്ട് ഞാൻ അവളുടെ തന്നെ കൂട്ടുകാരിയായി. ഇതെല്ലാം കുറച്ച് ദിവസങ്ങൾക്ക് മാത്രമെ ഉണ്ടാവുകയൊള്ളു എന്നെനിക്ക് അറിയില്ലായിരുന്നു. ഇതറിഞ്ഞിരുന്നെങ്കിൽ ഞാൻ കൂട്ടുകൂടില്ലായിരുന്നു ഞാൻ ഇത് എത്ര മറക്കാൻ ശ്രമിച്ചിട്ടും ആ ഓർമ്മകളാ് എന്റെ മനസ്സിൽ നിന്ന് മായുന്നില്ല. ഞാൻ എന്തു തെറ്റ് ചെയ്തിട്ടാണ് ഇത്രമാത്രം സങ്കടം വന്നത് ഇതെല്ലാം കേട്ട് സ്വാതി അവളെ കളിയാക്കുന്ന രൂപത്തിൽ പറഞ്ഞു ഇതാണോ ആ കാര്യം. ഞാൻ വിചാരിച്ചു വലിയ എന്തേലും സംഭവമായിരിക്കും എന്ന് ഇത് കേട്ട് സങ്കടത്തോടെ പാറു പറഞ്ഞു നീ ഇതിന്റെ സത്യാവസ്ഥ മനസ്സിലാക്കണം. ഇപ്പോൾ എനിക്ക് എല്ലാം മനസ്സിലായിട്ടുണ്ട് സ്വാതി പറഞ്ഞു എന്ത് മനസ്സിലായി എന്നാണ് നീ പറയാൻ വരുന്നത് .പാറു പറഞ്ഞു യഥാർത്ഥ കൂട്ടുകാരിയുടെ വില നിനക്ക് അറിയില്ല ഒരു കൂട്ടുകാരിയെങ്കിലു ഉള്ളത് കൊണ്ടാണ് നീ ഇതൊക്കെ പറയുന്നത്  നമ്മൾ ഒരുപാട് സ്നഹിച്ച കൂട്ടുകാർ നമുക്ക്  നഷ്ടപ്പെട്ടാൽ മാത്രമേ അതിന്റെ വേദന തിരിച്ചറിയാൻ കഴിയുകയുള്ളൂ.......

FIDA PARVIN 9K

# ഏകാന്തത

ഞാനിന്നും തനിച്ചായി
പലരും എന്നെ വിളിച്ചു
പക്ഷേ,
ഞാനവരോട് കൂടെ കൂടിയില്ല.
കാരണം,



തനിച്ചിരിക്കാൻ ഒരാഗ്രഹം
സന്തോഷം മാത്രമുള്ള ജീവിതത്തിന്
എന്തു രസം....!
നമുക്കിടയിൽ പലരുമുണ്ട്
ഇന്നു വരെ സന്തോഷമെന്തന്നറിയാത്തവർ
എഴുതിയും വായിച്ചും സമയത്തെ-
ത്തള്ളുന്നവർ!
മറ്റുള്ളവർ എന്നേ തനിച്ചാക്കിയപ്പോൾ
ഞാൻ കരുതി,
എന്നെ ഇഷ്ടപ്പെട്ടിരുന്ന
ഞാൻ സ്നേഹിച്ചിരുന്ന
എൻെറ കൂട്ടുകാർ എനിക്ക് തണലാവുമെന്ന് .
പക്ഷേ, എന്തിന്
ഞാൻ കണ്ട സ്വപ്നങ്ങളെല്ലാം ഇന്ന്
തകർന്നടിഞ്ഞു
അവർക്കെന്നെ വേണ്ടാതായി

അവർ സന്തോഷത്തിൻെറ പാതയലൂടെ-
നീങ്ങിക്കൊണ്ടിരിക്കുന്നു
ഞാനോ, ആരോരുമില്ലാത്ത ഈ മൗനത്തിൻെറ വഴിയരികിൽ
ഈ ഏകാന്തതകൾക്കിടയിൽ
എനിക്ക് കൂട്ടായി നിന്ന ഒരു വാക്യമുണ്ട്.....
ഒരു സങ്കടത്തിനപ്പുറം
മറ്റൊരു സന്തോഷമുണ്ട്.

MURSHIDA TP 10J

# മണ്ണെന്ന അമ്മ

വേദന കൊണ്ടെൻ ഉള്ളം പിടഞ്ഞു
എൻ കണ്ണീരിൽ ആകെ കുതിർന്നു
അമ്മ തൻ കണ്ണീരിൽ ശാപം
മക്കളെ ഒന്നുലച്ചപ്പോൾ
ചോരച്ചാലുകളാകെ മറിഞ്ഞു



മക്കളെ കുതിർത്തും നനച്ചും തിരിച്ചരിവുകൾ നൽകീടുന്ന
മണ്ണിനെ ഭൂമിയെ കൊല്ലരുതേ... മക്കൾ തൻ ജീവനാധാരം....
അമ്മയാണേ......
*മണ്ണിൽ നിന്നും ജനിച്ചവരെ മണ്ണിൽ തന്നെ ജീവിക്കേണം*
*മണ്ണിനെ നോക്കി പുലർത്തേണം മണ്ണിനെ അങ്ങ് സനേഹിക്കേണം*
*മരിച്ച് മണ്ണിലേക്ക് മടങ്ങേണ്ടേ*
*പൊടിയായി കല്ലായി ചെളിയായി*
*ഭൂമിതൻ ളുണായി ഞാനങ്ങനെ നിൽക്കിമ്പോൾ*
*മനിഷ്യർ വന്നന്നെ മാറ്റിന്നു ഉഴുതു കിളച്ച് കൃഷിയുണ്ടാക്കി*
*ചെളി വാരിക്കുഴച്ച് പാത്രങ്ങളും വീടുകളുമുണ്ടാക്കി*
*അങ്ങനെ അങ്ങനെ കഴിയുമ്പോൾ*
*സന്തോഷ സുദിനങ്ങൾ മായുന്നു*
*മനുഷ്യൻ തന്നെ തുരക്കുന്നു*
*എന്നെ പൊട്ടിച്ച് വാരി മാന്തി കൊല്ലുന്നു*
*ആശ്രിതർ ഞങ്ങളുടെ അത്യാശക്കായി ആശ്രയത്തെ കൊല്ലുന്നു*
*ഓർക്കിക ജനറെ ഇനിയൊരു മുന്നറിയിപ്പ് തരാൻ ഞാനുണ്ടാവില്ല*
*ഉള്ളതു കൊണ്ട് ഉള്ളം നിറഞ്ഞ് ജീവിക്കുകയാണഭികാമ്യം......*

**FATHIMA NAJMA 8C**

**FATHIMA KABEER**



## *ഒരു മിസ് കോൾ*

ഞാൻ ഒരു യാത്രയിലാണ് ശബ്നയെ കാണുന്നത് എന്റെ അടുത്തേക്ക് കൈ നീട്ടുന്നു ഞാൻ ചില്ലറ കൊടുത്തു അവൾ എന്നെ നോക്കികൊണ്ട് മറ്റു യാത്രക്കാരുടെ അടുത്തേക്കുപോയി.ശബ്നയുടെ ആ നോട്ട ത്തിൽ എനിക്ക് എന്തോ അനുകമ്പ തോന്നി.ഞാൻ അവളിറങ്ങിയ സ്റ്റോപ്പിൽ ഇറങ്ങി ഞാൻ അവളോട് ചോദിച്ചു .നീ ആരാണ് എങ്ങനെ ഒരു യാചകി യായി മാറി . കുറച്ച്നേരം എന്നെ നോക്കി കൊണ്ട് നിന്നു .

എന്നിട്ട് പറഞ്ഞു ഞാൻ ശബ്ന ഡിഗ്രിക്ക് പഠിക്കുന്ന കാലം എനിക്ക് വന്ന ഒരു മിസ്സ് കോൾ ആണ് എന്നെ ഇവിടെ എത്തിച്ചത് . ..................

ഞാൻ ഒരു സമ്പന്ന കുടുംബത്തിലെ ഉപ്പാക്കും ഉമ്മാക്കും സഹോദരൻമാർക്കും ഇടയിലെ ഏക മകളായിരുന്നു എനിക്ക് വേണ്ടുവോളം സ്നേഹവും, വാത്സല്യവും ,സ്വാതന്ത്ര്യവും കിട്ടി ഞാൻ വളർന്നു.+2 വിന്ന് നല്ല മാർക്ക് വാങ്ങിയതിന്ന് സമ്മാനമായി എനിക്ക് ഉപ്പ ഒരു മൊബൈൽ ഫോൺ വാങ്ങി തന്നു. ഒരു ദിവസം എന്റെ മൊബൈലിലേക്ക് ഒരു മിസ് കോൾ വന്നു .ഞാൻ ആ നമ്പറിലേക്ക് വിളിച്ച്നോക്കി. ഹലോ... ഹലോ... നമ്പർ മാറിപോയതാ സോറി..

ആ നമ്പറിൽ നിന്ന് വീണ്ടും വിളിവന്നു .ഞാൻ ഫോൺ എടുത്തു പേര്, സ്ഥലം, എന്താപഠിക്കുന്നത്? എല്ലാം ഒറ്റവിളിയിൽ തന്നെ ചോദിച്ചറിഞ്ഞു.പിന്നീട് ആവിളി തുടർന്നു

കൊണ്ടേയിരുന്നു . ഒരു ദിവസം ഒരു പ്രാവശ്യമെങ്കിലും വിളിക്കണമെന്ന അവസ്ഥയായി . പിന്നീട് വിളി മണിക്കൂറുകളോളം നീളാൻ തുടങ്ങി .രാത്രിയുടെ യാമങ്ങളിൽ ഉറക്കമൊഴിച്ച് ഫോൺകോളിൽ മുഴുകി .ആ ഇടക്കാണ് വീട്ടിൽ തകൃതിയായി കല്യാണാലോചനകൾ വന്നു കൊണ്ടിരുന്നു അങ്ങിനെ ഉപ്പാക്ക് ഇഷ്ടപ്പെട്ട വിദ്യാഭ്യാസവും,ജോലിയും, സമ്പത്തും, സൗന്ദര്യവും, തറവാടിത്തവുമുള്ള കുടുംബത്തിൽനിന്നും ഒരു വിവാഹാലോചന ഒത്തുവന്നു.സുമുഖനും,സുന്ദരനുമായ ചെറുപ്പക്കാരൻ എന്നെ വന്നു കണ്ടു . ഇഷ്ടപ്പെട്ടു... കല്ല്യാണം തീരുമാനിച്ചു.ഞാൻ മറുത്തൊന്നും പറഞ്ഞില്ല.കാരണം അത്രയധികം ആഘോഷമായിരുന്നു കുടുംബത്തിൽ. ഞാൻ ഫോണിലെ കാമുകനുമായി കാര്യങ്ങൾ പങ്കുവെച്ചു.കാമുകൻ പറഞ്ഞു എതിർത്തൊന്നും പറയണ്ട നീ സമ്മതിക്കണം സമയമാകുമ്പോൾ ഞാൻ പറയാം .പിന്നെ കല്ല്യാണത്തിനുള്ള ഒരുക്കങ്ങളായി. എനിക്കണിയാനുള്ള നൂറുപവനോളം വരുന്ന സ്വർണ്ണാഭരണങ്ങളും ,വരന്റെ വീട്ടുക്കാർ വാങ്ങിതന്ന എനിക്ക് (മണവാട്ടിക്ക് )ധരിക്കാനുള്ള വസ്ത്രങ്ങളും എല്ലാം റെഡിയായി കല്ല്യാണ ദിവസം അടുത്തു വന്നു. വീട്ടു മുറ്റത്തും അയൽ പക്കത്തും പന്തലുകളും തോരണങ്ങളും ഉയർന്നു . എവിടെയും ആൾക്കൂട്ടം.കല്ല്യാണതലേന്ന് കൂട്ടുകാരികളും കുടുംബക്കാരും കൂടി എന്നെ അണിയിച്ചൊരുക്കി, മൈലാഞ്ചി ഇട്ടുതന്നു ,ഒപ്പനയും,പാട്ടും ആകെപാടെ ബഹളം അതിനിടയിൽ എനിക്ക് ഫോൺ കോളുകൾ വരുന്നുണ്ടായിരുന്നു ഞാൻ അപ്പപ്പോഴുള്ള വിവരങ്ങൾ അറിയിച്ച് കൊടുക്കും.ഉപ്പയും ആങ്ങളമാരും ഭക്ഷണപ്പുരയിലാണ് കാരണം രണ്ടായിരത്തോളം ആളുകളെ ക്ഷണിച്ചിട്ടുണ്ട്. അവർ ആ തിരക്കിലാണ് .അപ്പോൾ കാമുകന്റെ വിളിവന്നു . ആരുടെയും ശ്രദ്ധയിൽ പെടാതെ വീടിന്റെ പിറക് വശത്തേക്ക് വാ.. .

"ഒരു കാര്യം മറക്കരുത് പൈസയും ആഭരണപെട്ടിയും എടുക്കണം"ഞാൻ ഇവിടെ കാത്തിരിക്കുന്നുണ്ട്. ഞാൻ ചുറ്റപാടും കാതോർത്ത് കൊണ്ട് അലമാര തുറന്ന് കിട്ടാവുന്ന അത്രപൈസയും ആഭരണപെട്ടിയും എടുത്ത് ആരെയും ശ്രദ്ധയിൽ പെടാതെ പുറത്തിറങ്ങി കാമുകന്റെ അടുത്തെത്തി.കാറിൽ കയറി . രാത്രി ഒരുമണിക്ക് തുടങ്ങിയ ഓട്ടം രാവിലെ വരെ കാർ നിർത്താതെ ഓടി.അത്രയും ദൂരം ഞങ്ങളെത്തി. വീടിനെ പറ്റിയോ,ഉമ്മയെ, ഉപ്പയെ കുറിച്ചൊന്നും ഞാൻ ചിന്തിച്ചില്ല അത്രയും ഭ്രാന്തമായിരുന്നു കാമുകനോടുള്ള പ്രേമം ....കാമുകനോടപ്പം ഫ്ലാറ്റിൽ റൂമെടുത്ത് എല്ലാതരത്തിലും ഉല്ലസിച്ചും വിനോദങ്ങളിൽ ഏർപ്പെട്ടും കുറച്ച് ദിവസങ്ങൾ കഴിഞ്ഞു .ഒരുദിവസം ഞാൻ ഉറക്കമുണർന്നപ്പോൾ ആളെ കാണുന്നില്ല . ഫോൺ വിളിച്ച് നോക്കി കിട്ടുന്നില്ല .ഞാൻ ആകെതളർന്നു .ഇനിഎന്തുചെയ്യും .ഞാൻ എന്റെ ബേഗ് എടുത്തുനോക്കി എല്ലാം കൊണ്ട്പോയിട്ടുണ്ട് .എന്റെ സ്വർണ്ണവും , പൈസയുമെല്ലാം. എന്റെ ദേഹത്തുള്ള മാലയും

**വളയുമെല്ലാം എടുത്തിട്ടുണ്ട്.**
**ഞാൻ ആകെതളർന്നു .വീണ്ടും വിളിച്ചുനോക്കി ... ഇല്ല കിട്ടുന്നില്ല ...അവൻ ചതിച്ചതാ...അവൻ ഇനിവരില്ല എന്ന് എന്റെ മനസ്സ് പറഞ്ഞു .അവൻ പോയതറിഞ്ഞ് റൂമിൽ നിന്നെന്നെ പുറത്താക്കികൊണ്ട് അവർ പിറുപിറുത്തു .അവനിതൊരു ഹോബിയാ....... കൂടുതൽ പൈസകിട്ടുന്നത് കൊണ്ട് ഞങ്ങൾ ഒന്നും പറയാറില്ല. അതു കേട്ടതും ഞാനാകെ തളർന്നുപോയി. ഇനിഎന്തുചെയ്യും. എനിക്കെന്റെ വീട്ടുക്കാരെ ഓർമ വന്നു. ഉമ്മയെയും ഉപ്പയെയും ഓർമ വന്നു. ഞാൻ ഉമ്മയുടെ നമ്പറിലേ ഒരു മഴക്കാലത്താണ് ഞാൻ അവളെ കണ്ടത്. അന്ന് തന്നെ അവളെ സ്വന്തമാക്കാൻ ഞാൻ അലഞ്ഞു. കോരിച്ചോരിയൊയുകുന്ന ഒരു മഴക്കാലം**

അങ്ങനെ അവൾ എന്റെ ജീവിതത്തിലേക്ക് കടന്നു വന്നു. ചായകടയിലും ചന്തയിലും കളി സ്ഥലത്തും അവൾ എനിക്കൊപ്പമായിരുന്നു. വെയിലെന്നോ, മഴയെന്നോ, മഞ്ഞെന്നോ നോക്കാതെ അവൾ എനിക്ക് കൂട്ടായി. അങ്ങനെ ഇരിക്കെ ഒരു സംഭവം നടന്നു. അവളെ എനിക്ക് നഷ്ടപ്പെട്ടു
തികച്ചും അശ്രദ്ധമായിട്ടായിരുന്നു അവളെ എനിക്ക് മിസ്സായത്. ഉമ്മക്ക് അസുഖം കൂടിയ ദിവസം മരുന്നു വാങ്ങാൻ മഴയത്ത് അവളെയും കൂട്ടി ഞാൻ കടയിലേക്ക് പോയി. അസുഖത്തെ കുറിച്ചുള്ള വിഭ്രാന്തിയിൽ തിരികെ വരുമ്പോൾ അവളെ കൂട്ടാൻ ഞാൻ മറന്നു. തിരികെ വീട്ടിലേക്ക് തിരക്കിട്ട് ഓടുമ്പോൾ അവ ഒരു മഴക്കാലത്താണ് ഞാൻ അവളെ കണ്ടത്. അന്ന് തന്നെ അവളെ സ്വന്തമാക്കാൻ ഞാൻ അലഞ്ഞു. കോരിച്ചോരിയൊയുകുന്ന ഒരു മഴക്കാലം

അങ്ങനെ അവൾ എന്റെ ജീവിതത്തിലേക്ക് കടന്നു വന്നു. ചായകടയിലും ചന്തയിലും കളി സ്ഥലത്തും അവൾ എനിക്കൊപ്പമായിരുന്നു. വെയിലെന്നോ, മഴയെന്നോ, മഞ്ഞെന്നോ നോക്കാതെ അവൾ എനിക്ക് കൂട്ടായി. അങ്ങനെ ഇരിക്കെ ഒരു സംഭവം നടന്നു. അവളെ എനിക്ക് നഷ്ടപ്പെട്ടു
തികച്ചും അശ്രദ്ധമായിട്ടായിരുന്നു അവളെ എനിക്ക് മിസ്സായത്. ഉമ്മക്ക് അസുഖം കൂടിയ ദിവസം മരുന്നു വാങ്ങാൻ മഴയത്ത് അവളെയും കൂട്ടി ഞാൻ കടയിലേക്ക് പോയി. അസുഖത്തെ കുറിച്ചുള്ള വിഭ്രാന്തിയിൽ തിരികെ വരുമ്പോൾ അവളെ കൂട്ടാൻ ഞാൻ മറന്നു. തിരികെ വീട്ടിലേക്ക് തിരക്കിട്ട് ഓടുമ്പോൾ അവളെ ഞാൻ ഓർത്തു. കോരിച്ചൊരിയുന്ന ആ മഴയിൽ ഞാൻ അവളെ തേടി. തിരികെ കടയിൽ വന്നെത്തി നോക്കിയപ്പോഴേക്കും

ഉലിക

വൈദ്യർ കടയടച്ച് പോയിരുന്നു. അങ്ങനെ കാലം മുന്നോട്ട് നീങ്ങി

മിനിയാന്ന് ഞാൻ അവളെ കണ്ടു, വൃദ്ധനായ വൈദ്യരോടൊപ്പം നടന്നു നീങ്ങുന്ന അവൾ . ഞാൻ കരഞ്ഞു പോയി

അതെ... അത്രമാത്രം ഞാൻ അവളെ സ്നേഹിച്ചിരുന്നു. എന്റെ പ്രിയപ്പെട്ട

കുടയെ.......................................ളെ ഞാൻ ഓർത്തു. കോരിച്ചൊരിയുന്ന ആ മഴയിൽ

ഞാൻ അവളെ തേടി. തിരികെ കടയിൽ വന്നെത്തി നോക്കിയപ്പോഴേക്കും വൈദ്യർ

കടയടച്ച് പോയിരുന്നു. അങ്ങനെ കാലം മുന്നോട്ട് നീങ്ങി

മിനിയാന്ന് ഞാൻ അവളെ കണ്ടു, വൃദ്ധനായ വൈദ്യരോടൊപ്പം നടന്നു നീങ്ങുന്ന അവൾ . ഞാൻ കരഞ്ഞു പോയി

**അതെ... അത്രമാത്രം ഞാൻ അവളെ സ്നേഹിച്ചിരുന്നു. എന്റെ പ്രിയപ്പെട്ട**

**കുടയെ.......................................ക്ക് വിളിച്ചു ഹലോ...**

**ഇത് ഞാനാണ്ഉമ്മാ നിങ്ങളുടെ പുന്നാര മോൾ . മോളോ എനിക്കൊരു മോളേഉണ്ടായിരുന്നുള്ളു അവൾ മരിച്ചു പോയി .....ഇതായിരുന്നു ഉമ്മയുടെ മറുപടി. അവൾ തേങ്ങികൊണ്ട് ഉപ്പാക്ക് വിളിച്ചു . ഉപ്പ പറഞ്ഞു എനിക്ക് അങ്ങനെ ഒരു മകളില്ല .... അന്നുമുതൽ എന്നിക്കാരും ഇല്ലാതായി ...**

**അല്ല ഞാൻ ഇല്ലാതാക്കി എന്റെ ജീവിതം.**

**രാത്രിയായാൽ ഈസ്റ്റേഷനിന്റെ ഒരു ഭാഗത്ത് കിടന്നുറങ്ങും.പേടിപെടുത്തുന്ന ഈ തെരുവാണിപ്പോൾ എന്റെ വീട് . ഇവിടെ രാത്രി വരുന്ന ആണുങ്ങൾ കണ്ടാൽ അറപ്പും വെറുപ്പും തോന്നിക്കുന്ന മാറാരോഗികളും, വ്രണങ്ങളും,മുറിവുകളും, കൊണ്ട് ശരീരം കാണാൻ പറ്റാത്ത അത്ര അഴുകിയതും. എന്നാലും ഞാൻ അവർകൊപ്പം കിടന്ന്കൊടുക്കും.**

**ഭക്ഷണത്തിന്ന് വേണ്ടി വിശപ്പിന്റെ കാഠിന്യം കൊണ്ട് ഇത്രയും പറഞ്ഞു അവൾ കുറെ കരഞ്ഞു. ..........**

# അകന്ന എന്റെ മിത്രം

ഒരു മഴക്കാലത്താണ് ഞാൻ അവളെ കണ്ടത്. അന്ന് തന്നെ അവളെ സ്വന്തമാക്കാൻ ഞാൻ അലഞ്ഞു. കോരിച്ചോരിയൊയുകുന്ന ഒരു മഴക്കാലം

അങ്ങനെ അവൾ എന്റെ ജീവിതത്തിലേക്ക് കടന്നു വന്നു. ചായകടയിലും ചന്തയിലും കളി സ്ഥലത്തും അവൾ എനിക്കൊപ്പമായിരുന്നു. വെയിലെന്നോ, മഴയെന്നോ, മഞ്ഞെന്നോ നോക്കാതെ അവൾ എനിക്ക് കൂട്ടായി. അങ്ങനെ ഇരിക്കെ ഒരു സംഭവം നടന്നു. അവളെ എനിക്ക് നഷ്ടപ്പെട്ടു

തികച്ചും അശ്രദ്ധമായിട്ടായിരുന്നു അവളെ എനിക്ക് മിസ്സായത്. ഉമ്മക്ക് അസുഖം കൂടിയ ദിവസം മരുന്നു വാങ്ങാൻ മഴയത്ത് അവളെയും കൂട്ടി ഞാൻ കടയിലേക്ക് പോയി. അസുഖത്തെ കുറിച്ചുള്ള വിഭ്രാന്തിയിൽ തിരികെ വരുമ്പോൾ അവളെ കൂട്ടാൻ ഞാൻ മറന്നു. തിരികെ വീട്ടിലേക്ക് തിരക്കിട്ട് ഓടുമ്പോൾ അവളെ ഞാൻ ഓർത്തു. കോരിച്ചൊരിയുന്ന ആ മഴയിൽ ഞാൻ അവളെ തേടി. തിരികെ കടയിൽ വന്നെത്തി നോക്കിയപ്പോഴേക്കും വൈദ്യർ കടയടച്ച് പോയിരുന്നു. അങ്ങനെ കാലം മുന്നോട്ട് നീങ്ങി

മിനിയാന്ന് ഞാൻ അവളെ കണ്ടു, വൃദ്ധനായ വൈദ്യരോടൊപ്പം നടന്നു നീങ്ങുന്ന അവൾ . ഞാൻ കരഞ്ഞു പോയി

അതെ... അത്രമാത്രം ഞാൻ അവളെ സ്നേഹിച്ചിരുന്നു. എന്റെ പ്രിയപ്പെട്ട കുടയെ........................................

*HASHIM SHIBILI MK 10G*

# ഏകാന്തമായ ജീവിതത്തിൽ

# ഒറ്റപ്പെട്ട കാണിക

പ്രഭാതം വിടരുന്നു. കിളികൾ ചിലം ചിലം പാടി കൊണ്ടിരിക്കുന്നു. അരുവി നിശബ്ദമായി ഒഴുകുന്നു. ഇന്നും ഇന്നലെയും തമ്മിൽ എന്താണ് വ്യത്യാസം? ഇന്ന് ഞാൻ ഒറ്റക്ക്  ജീവിതത്തിൽ ഒരിക്കലെങ്കിലും സന്തോഷമുണ്ടായിട്ടുണ്ടോ? ഉണ്ടായിരുന്നു. മക്കളും ഭർത്താവും കൂടെ ഉണ്ടായിരുന്നപ്പോൾ എന്തു രസമായിരുന്നു. ആദിവസങ്ങളിലെ ഓരോ നിമിശവും! എത്ര ലാളിച്ചു കൊണ്ടാണ് മക്കളെ ഞാൻ വളർത്തിയത്. ഒരിക്കൽ പോലും അവരെ ചീത്ത പറയുകയോ വേദനിപ്പിക്കുകയോ ചെയ്തിട്ടില്ല. പിന്നെ എന്തിനാണ് അവർ എന്നെ ഒറ്റക്ക് ഈ വൃദ്ധസദനത്തിൽ കൊണ്ടാക്കിയത്. എന്താ അവരുടെ ജീവിതത്തിൽ ഞാൻ ഒരു ഭാരമായിരുന്നോ? ഈ ഒറ്റപ്പെടലിന്റെ വേദനയിൽ എന്നോടു ഒരു വാക്കു പറയാൻ അവർക്കു വന്നു കൂടെ. എത്ര കാലമായി ഞാൻ സ്വാദുള്ള ഒരു ഭക്ഷണം കഴിച്ചിട്ട്. ഈ ഒറ്റപ്പെട്ട് ജീവിക്കുന്നതിലും നല്ലത് മരിക്കുന്നതാണ്. എന്റെ മക്കൾ അവർക്ക് ഉയർന്ന ജോലി കിട്ടിയപ്പോൾ എന്നെ ഭാരമായി എങ്കിലും ഞാൻ എത്ര കൊതിക്കുന്നു അവരെ കാണാൻ. മരിക്കുന്നതിന് മുമ്പ് ഒരു നോക്കു കാണാൻ കഴിയണേ ഇങ്ങനെ ചിന്തിച്ചിരിക്കുന്നതിനിടയിൽ സമയം പോയതറിഞ്ഞില്ല. ഉച്ചയായി ഇന്നും ചമ്മന്തിയും കഞ്ഞിയും! വെറുത്തു ഇന്ന് എനിക്കിത് വേണ്ട. അപ്പോഴാണ് വേലക്കാരിയുടെ പിറു പിറുത്ത ശബ്ദം. വേണമെങ്കിൽ കുടിച്ചാൽ മതി. രണ്ടു ദിവസം പട്ടിണി കിടന്നാലെന്താ? ചാവും ചത്താലെന്താ. ഈ പരിഹാസത്തിനിടയിൽ എന്റെ മനസ്സു വെന്തു നീറി കരഞ്ഞു കരഞ്ഞു കണ്ണുനീർ ഇനി ബാക്കിയില്ല. ഇനിയുള്ളത് കണ്ണിലെ കൊഴുപ്പുവെള്ളം മാത്രമാണ്. അത് കവിളിൽ കൂടി ചാലിട്ടൊഴുകി ശരീരം ആകെ തളരുന്നത് പോലെ തോന്നുന്നു. രണ്ടു ദിവസമായി ഭക്ഷണം കഴിച്ചിട്ട്,കഴിച്ചിട്ടില്ലെങ്കിലെന്താ ഉപ്പുകാരി പറയുന്നത് പോലെ ചാവും എന്നാലെന്താ ആർക്കും വേണ്ടാത്ത ഈ ഞാൻ ഇനി എന്തിനു ജീവിക്കുന്നു. സമയം വൈകുന്നേരമായി. സൂര്യൻ പടിഞ്ഞാറു നിന്നു അസ്തമിക്കാൻ തുടങ്ങി. മറ്റു പക്ഷികൾ

## ഉലിക

കൂടന്വേഷിച്ചു പറന്നു. ഈ ഞാൻ ഇനിയെന്തു ചെയ്യണം. ആരുമില്ലാത്ത ഒറ്റപ്പെട്ട ജീവിതത്തിൽ ഈ തളർന്ന മനസ്സുമായി ജീവിക്കുന്നതിലും ഭേദം ദൈവമെന്നെ വേഗം കൊണ്ടുപോകുന്നതാണ്. ഈ ഏകാന്തതമായ ജീവിതത്തിൽ ഇനി തളരാതെ ബാക്കിയുള്ളത് കണ്ണുനീർ അരുവികൾ.

*SHANA PC*

# ലിറ്റിൽ കൈറ്റ് അംഗങ്ങൾ

















ഉലിക









# എന്റെ ചാലിയാർ



കള കള സംഗീത മൃദുലത തീർത്തു-
നീ കരകളെ ഉണർത്തി ഒഴുകിടുമ്പോൾ
പച്ച പുതച്ച യീ മണ്ണിന്റെ സൃഷ്ടിയായ്
നീയെന്നും നാടിന്റെ ജീവ നാഡി
ഹൃദ്യമിയന്നരാഗ പ്രകൃതി തൻ
സംഗീതം നിന്നിലെ മിഴികൾക്ക്
വസന്തമേകി- എങ്കിലും ചാലിയാർ......
നീയിന്ന് ഒഴുകുമോ... കണ്ണീരിന്റെ
കനലുകൾ പേറിയേറെ.....
തെളിനീരിൻ സുഗന്ധമേറെ ഈ നാടിന്റെ
ഒരുമക്കായി എന്നും നീ സമർപ്പിച്ചതും
എങ്കിലും ചാലിയാർ....ഇന്നും നിൻ സങ്കടം
അറിയുന്നു ഞങ്ങൾ വ്യസന പർവ്വം...
പ്രളയത്തിൽ നീ നാടിനെയമർത്തിയ
പ്പോഴും- ഞാനറിഞ്ഞില്ല നിൻ നൊമ്പരം
ആരും പഠിച്ചില്ല – ആർക്കുമറിയില്ല-
പുഴകൾ മരിക്കുന്ന-കാലഘട്ടം-
ഇനിയെന്ന് നിന്നിലെ സുഗന്ധതിരകളും
ഇനിയെന്ന് നാടിന്റെ തെളിനീരിൻ
പുഴകൾ - പാടുന്ന സംഗീതം നാടിന്റെ
ഹൃദ്യമാം ജീവ ജല സമൃദ്ധി - ജല സമൃദ്ധി.

**NIHALA YASMIN 8F**

# മതങ്ങൾ അകലുന്നുവോ?

കാലം അതിജീവിച്ചു കൊണ്ടിരിക്കുകയാണ്. ശാന്തിയുടേയും സമാധാനത്തിന്റെയും പാത മനുഷ്യന്റെ അരികിൽ നിന്ന് അകന്ന് പോവുന്നു. ജാതിയുടേയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിൽ മനുഷ്യൻ മനുഷ്യന്റെ പദവിയെ മറന്ന് നിസ്വാർഥ താൽപര്യങ്ങൾക്ക് വേണ്ടി അവനെ കൊല്ലാ കൊല ചെയ്യുമ്പോൾ എങ്ങനെയാണ് മനുഷ്യത്തം മനുഷ്യന്റെ ഹൃദയത്തിലേക്ക് വന്നു ചേരുക. ഇക്കഴിഞ്ഞ ഒരുപാട് മാസങ്ങളിൽ മനുഷ്യൻ മതത്തിന്റെ പേരിൽ കലാപമുണ്ടാക്കുന്ന സമകാലിക ലോകത്തെ കേരളത്തെ നാം കണ്ടത് വിദൂരത്തൊന്നുമല്ല. മതങ്ങൾ ഒരിക്കലും മനുഷ്യനെ കലഹത്തിന്റെ വക്കിലേക്ക് എത്തിക്കുന്നില്ല. കാരണം ഖുർആനും ബൈബിളും രാമായണവും തുടങ്ങിയ മത ഗ്രന്ഥങ്ങളെല്ലാം പറയുന്നത് ഐക്യത്തെ കുറിച്ചാണ്. മതങ്ങളുടെ ആഴക്കടലിലേക്ക് ഇറങ്ങാതെ ബാഹ്യമായ സ്ഥലങ്ങൾ മാത്രം ദർശിച്ചു കൊണ്ട് മനുഷ്യൻ സ്വയം മതഭ്രാന്തനാകുന്ന ഒരു കാഴ്ച്ചയാണ് ആധുനിക ഇന്ത്യയിൽ നാം കണ്ടു കൊണ്ടിരിക്കുന്നത്. മതതീവ്രവാദികൾ സ്വയം ഞാൻ മതവിശ്വാസി ആണെന്ന് മുദ്ര കുത്തുമ്പോൾ എങ്ങനെയാണ് കലഹങ്ങൾക്ക് മാത്രം ആഹ്വാനം കൊടുക്കുന്നവർ യഥാർത്ഥ മതവിശ്വാസി ആവുക. കാരണം മതങ്ങൾ അക്രമത്തിന്റെ കലവറകൾ അല്ല. മതങ്ങൾ മനുഷ്യന്റെ ആത്മീയമായ പരിവർത്തനത്തിന്റെ സുന്ദരമായ ചിറകുകൾ മാത്രമാണ്. മതങ്ങൾ എല്ലായിടത്തും സമാധാനവും ഐക്യവും മാത്രം വിളിച്ചു പറയുമ്പോൾ എങ്ങനെയാണ് മനുഷ്യന് അക്രമത്തിന്റെ ആഹ്വാനം വിളിച്ചു പറയാൻ സാധിക്കുക. മതങ്ങൾ എല്ലാം ഒരു മാലയിൽ പോലെ കഴിയുമ്പോഴാണ് മാത്രമാണ് ലോകം സമാധാനത്തിന്റെ വഴിയിലേക്ക് പ്രവേശിക്കുക. രാഷ്ട്രീയവും സാംസ്കാരികവുമായ താൽപര്യങ്ങൾക്ക് വേണ്ടി മതങ്ങളെ വിഭജിക്കാൻ മനുഷ്യൻ ശ്രമിക്കുമ്പോൾ മനുഷ്യൻ ഒന്നോർക്കുക മതങ്ങൾ ആണ് രാജ്യത്തിന്റെ സംഘ ശക്തി. മതങ്ങൾ മാസ്മരികതയുടെ സുഗന്ധമാണ്. സത്യസരണിയുടെ നേർ രേഖയായ മതങ്ങൾ രാജ്യത്ത് കലഹമില്ലാതെ നിലനിർത്തേണ്ടത് നമ്മുടെ ബാധ്യതയാണ്.

MUHAMMED JASIL 9C

# കുഞ്ഞോൾക്ക് പെരുന്നാളുടുപ്പ്

പെരുന്നാളിന് ഇനി ദിവസങ്ങൾ മാത്രം. കുഞ്ഞോളുടെ ക്ലാസിലെ എല്ലാവർക്കും പുതിയ ഡ്രസ്സ് എടുത്തിട്ടുണ്ട്. പുത്തനുടുപ്പ് കിട്ടാത്ത സങ്കടത്തിലാണ് അവൾ. അവളുടെ ഉപ്പയോട് പല തവണ പറഞ്ഞതാണ്. അവളുടെ കുടുംബം നിത്യ ജീവിതത്തിന് തന്നെ ബുദ്ധിമുട്ടുമ്പോൾ ഉപ്പ എങ്ങനെ പുതിയ ഉടുപ്പുകൾ വാങ്ങും....?

അന്ന് സ്കൂൾ വിട്ട് വീട്ടിലെത്തിയ കുഞ്ഞോൾ ബാഗ് മേശപ്പുറത്തേക്കെറിഞ്ഞ് മുഖം വീർപ്പിച്ച് ഉമ്മറത്ത് കുത്തിയിരുന്നു. ഉമ്മ ചായ കുടിക്കാൻ പറഞ്ഞെങ്കിലും അവൾ അനങ്ങിയില്ല. ഉമ്മക്കറിയാം അവളുടെ ദേഷ്യത്തിന്റെ കാരണം. എങ്കിലും ഉമ്മ ചോദിച്ചു - എന്താ കുഞ്ഞോളേ നിന്റെ മുഖത്തിനൊരു വാട്ടം..? കുഞ്ഞോൾ ഒന്നും മിണ്ടിയില്ല.അൽപസമയം കഴിഞ്ഞ് വീട്ടിലെത്തിയ ഉപ്പ കുഞ്ഞോളുടെ അരികിലേക്ക് ചെന്നു.അവൾക്ക് മിണ്ടാട്ടമില്ലായിരുന്നു. ഉപ്പ കാര്യം തിരക്കി. ഉമ്മ പറഞ്ഞു -പെരുന്നാളിന് ഉടുപ്പ് കിട്ടാത്തതിന്റെ ദേഷ്യമാ....,

ഉപ്പ ഒന്നും മിണ്ടിയില്ല. കുറച്ചു സമയം ഉപ്പ എന്തോ ചിന്തിച്ചുകൊണ്ട് കുഞ്ഞോളുടെ അടുത്ത് ഉമ്മറത്തു തന്നെ ഇരുന്നു. പിന്നെ മെല്ലെ എഴുന്നേറ്റ് വീട്ടിൽ നിന്നിറങ്ങി അങ്ങാടിയിലേക്ക് നടന്നു. രാത്രി വൈകിയാണ് ഉപ്പ തിരിച്ചു വന്നത്. അപ്പോഴേക്കും കുഞ്ഞോൾ ഉറങ്ങിയിരുന്നു. ഉപ്പ ചെന്ന് അവളെ മെല്ലെ വിളിച്ചുണർത്തി. കുഞ്ഞോൾ കണ്ണു തുറന്നു നോക്കുമ്പോൾ ഉപ്പയും ഉമ്മയും മുന്നിൽ നിൽക്കുന്നു. ഉപ്പ അവൾക്ക് നേരേ ഒരു പൊതി നീട്ടി. അവൾ സന്തോഷത്തോടെ വാങ്ങി തുറന്നു നോക്കി. ഹായ് ഭംഗിയുള്ള ഉടുപ്പ്!!

കുഞ്ഞോളുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. അപ്പോഴാണ് ഉമ്മ ഉപ്പയുടെ കൈയ്യിലേക്ക് നോക്കിയത്. ഉപ്പയുടെ കൈയ്യിലെ വാച്ച് കാണാനില്ല!!
പണ്ട് ഒരു സുഹൃത്ത് വിദേശത്ത് നിന്ന് വന്നപ്പോൾ കുഞ്ഞോളുടെ ഉപ്പക്ക് നൽകിയതായിരുന്നു ആ വാച്ച്. അത് വിറ്റിട്ടാണ് കുഞ്ഞോൾക്ക് ഉടുപ്പ് വാങ്ങിയത്. ഇതു മനസ്സിലായപ്പോൾ ഉമ്മയുടെ കണ്ണു നിറഞ്ഞു. കണ്ണുനീർ ഒലിച്ചിറങ്ങി ഉപ്പയുടെ കണ്ണും നിറഞ്ഞിരുന്നു.
കുഞ്ഞോളുടെ മനസ്സ് മാത്രം ഇതറിഞ്ഞില്ല. അവൾ അപ്പോഴും സന്തോഷത്താൽ പുത്തനുടുപ്പിൽ തുരുതുരെ ഉമ്മവെക്കുകയായിരുന്നു

FATHIMA RISHADA 8D

# MY BOOKS



*My friends are books*
*Books are the key*
*to the wisdome of treasure*
*books are the gate*
*To the land of pleasure*
*it is the golden door*
*which takes me to the land*
*where live never been befar*
*that tells me the tales of fair*
*Books are the sources of enlightment*
*which vanish the darkness*
*and fill our life  with happiness*
*books never cheat us let's read books.*

**AVANI 8K**

# NATURE

*Nature , a magic of good*
*It's trees ,mountain and hills*
*all makes me cool and happy*
*they always mile me*
*and they make my life joyfull*
*i share my feelings*
*and it gives me happiness*
*nature talks to me*
*when i feel sad and make me always merry*



SHAFNA P 8L

# Children and Habit of Reading

*There is a saying 'Reading makes a man complete' we take food for our body. A hungry mind intellect need something else people always turn to books .Books satisfy our inner urge for knowledge.*
*What type of books should we read? There are thousands of books published in the world each year . A man could read only limited numbers of books in his life pan.so we should select books very carefully .Let's remember the world's famous thinker Francis Bacon who categorises books in to three .Books that can be chewed .it is clear that some books careful and detailed study*
*Reading of some classic books make a person more enlightens .they always encourage us . The books open vast vista of knowledge before us. The other side of the coin is very dark. Reading of some books pulls down us to the dark pits of bad habits. There is a saying 'pen is mightier than the sword with a sword a person can kill others. But with a pen one can change the whole society .In India many books ignited the minds of freedom fighters and they rushed with a new vigour to the forfront of the independence struggle.writing of Tagore and subramanya Bharathi are some examples .Eleanor Fajeon the famous author says :"Each books is a magic box which with a touch child unlocks*
*yes,the books are magic boxes .they are waiting for us to unlock Let's unlock these magic boxes and see the wonderful magic coming out of it*

MARVA KK 8K

# സ്നേഹം

ഞാൻ എന്തെങ്കിലും ജോലിക്കു പോയാലോന്നാ....''  ഇവിടെ ഇങ്ങനെ ഇരുന്നിട്ടെന്തിനാ, അതാവുമ്പോ മിണ്ടാനും പറയാനും ആരെയെങ്കിലും കിട്ടുമല്ലോ.
പുറത്തേക്ക് നോക്കിയിരുന്നുകൊണ്ട് അയാൾ ആരോടെന്നില്ലാതെ പറഞ്ഞു .കേട്ടിരുന്ന ഭാര്യക്ക് അതിൽ തെല്ലും ആഹ്ലാദമോ ആശ്ചര്യമോ ഉണ്ടായിരുന്നില്ല. അതിനു കാരണവുമുണ്ട്. വയസ്സ് അറുപതിന് മുകളിലായി രണ്ടുപേർക്കും. ഇത്ര കാലമായും ഒരു ജോലിയും ചെയ്തിട്ടില്ല. എന്നു മാത്രമല്ല ഉണ്ടായിരുന്ന പറമ്പും വീടുമെല്ലാം വിറ്റു നശിപ്പിക്കുകയും ചെയ്തു.
 ഇതിപ്പോ ഈ ടൗണിൽ നിങ്ങൾക്കു പറ്റിയ ജോലി.  അതും ഈ പ്രായത്തിൽ  അവർ മറുപടിയായി ചോദിച്ചു. നടക്കാൻ പോയപ്പോൾ ഞാനിന്നലെ രാവിലെ രവിയെ കണ്ടിരുന്നു. ഞാനിത് സൂചിപ്പിച്ചിട്ടുമുണ്ട്. അവൻ മാനേജരായി ജോലി ചെയ്യുന്ന ഹോട്ടലിൽ എന്തെങ്കിലും ശരിയാക്കാമെന്ന് പറയുകയും ചെയ്തു. ഇവിടിപ്പോ വന്നിട്ടെത്ര നാളായി.. എല്ലാം കേട്ടുകൊണ്ടിരിക്കുന്ന ഭാര്യ പറഞ്ഞു നല്ലതാ ഇവിടെ ഇങ്ങനെ വെറുതെയിരിക്കുന്നതിലും.... അവർ കറിക്ക് അരിയുന്നത്തിൽ നിന്ന് തലയുയർത്തി. എങ്കിൽ ഞാനൊരു കാര്യം പറയട്ടെ, ആദ്യം കിട്ടുന്ന ശമ്പളം എനിക്കു തരണം. എന്തോ മനസ്സിലുദ്ദേശിച്ചിട്ടുപോലെ അവർ പറഞ്ഞു തരാം അയാൾ ആവേശത്തോടെ പറഞ്ഞു.  മൂത്ത മകന്റെ കുട്ടിയുടെ പഠനത്തിന് വേണ്ടി ടൗണിൽ വാടകവീട്ടിലേക്കു താമസം മാറിയതായിരുന്നു രണ്ടുപേരും. ഭാര്യ ചുറ്റുപാടുമായി വേഗത്തിൽ ഇണങ്ങിയെങ്കിലും അയാൾ  തീർത്തും ഒറ്റപ്പെട്ടിരിക്കുകയായിരുന്നു.  അവർ എപ്പോഴും അങ്ങനെയാണ് എപ്പോഴും എല്ലാ സാഹചര്യത്തിലും ഒത്തു പോകും. അങ്ങനെയാണല്ലോ പണ്ട് ഓപ്പറേഷന് മധ്യപ്രദേശിൽ മകന്റെ അടുത്ത് പോയി നിന്നപ്പോ ചികിത്സിക്കാൻ വന്ന പഞ്ചാബി  ഡോക്ടറുമായി ഭാഷ മറന്നു പോലും സംസാരിക്കാൻ കഴിഞ്ഞത്. അവർ അന്ന് മലയാളത്തിലും തിരിച്ച് ഡോക്ടർ ഹിന്ദിയിലും. രണ്ട് പേർക്കും കാര്യങ്ങൾ മനസ്സിലായി.  അപ്പോഴും അയാൾ ഒന്നും മിണ്ടാതെ അവിടെയിരിക്കുകയാണ് ഉണ്ടായത്. പറഞ്ഞപോലെ രവി ജോലി ശരിയാക്കി. മൂവായിരം രൂപ ശമ്പളം ജോലിയൊന്നുമില്ല. ഹോട്ടലിൽ വരുന്ന താസമക്കാർക്ക് മുറി തുറന്ന് കൊടുക്കുക അവരുടെ പേരും അഡ്രസ്സുമൊക്കെ എഴുതി വക്കുക അത്ര തന്നെ. കൂടുതൽ അടുത്തുള്ള ക്യാൻസർ ഹോസ്പിറ്റലിലേക്ക് കൂട്ടു വരുന്നവരാണ്. അല്ലെങ്കിൽ അമ്പലത്തിൽ തൊഴാൻ വരുന്നവർ.

എന്തായാലും അയാൾ കൃത്യമായി ജോലിക്കു പോകുവാൻ തുടങ്ങി. ഉച്ചക്കുള്ള ഊണും ചായക്കുള്ളതും ഊണു കഴിഞ്ഞ് കഴിക്കാനുള്ള മരുന്നുമെല്ലാം അവർ കൃത്യമായി അയാൾക്ക് അയച്ചു കൊടുത്തു. അയാൾ റോഡിലേക്കെത്തുന്നത് വരെ അവർ ഉമ്മറപ്പടിയിൽ നോക്കി നിന്നു. ഉത്സാഹത്തോടെ അയാൾ ദിവസവും ജോലി ചെയ്തു. അവർ ആലോചിക്കുകയായിരുന്നു. ഇതിപ്പോ എല്ലാം അവസാനിക്കാറായ സമയത്ത്....
ഭർത്താവിലുണ്ടായ മാറ്റം അവർക്ക് പുതുമയുള്ളതായി. അവർ ജീവിതത്തിൽ ആദ്യമായി പരസ്പരം സ്നേഹിക്കുകയായിരുന്നു. ഇത്രയും കാലം അയാൾ തന്റേതായ രീതിയിൽ ജീവിക്കുകയായിരുന്നു. മദ്യപാനവും അതിലൂടെയുള്ള കൂട്ടുകാരും ഭാര്യയുടെ പേരിലടക്കം ഉണ്ടായിരുന്നതൊക്കെയും കുടിച്ചും ബാക്കിയറിയാതെ ചില കച്ചവടങ്ങൾ ചെയ്തും എല്ലാം കഴിഞ്ഞപ്പോൾ നാടും വിട്ടു. ആദ്യമൊക്കെ അവർ ഇടപെട്ടെങ്കിലും പിന്നീട് അയാളുടെ കാര്യങ്ങൾ തിരക്കാനോ അന്വേഷിക്കാനോ പോയില്ല. മകൾ വിളിക്കുമ്പോഴൊക്കെ അച്ഛൻ വിശേഷങ്ങൾ ചോദിക്കും. . ആദ്യ ശമ്പളം കിട്ടിയ ദിവസം അയാൾ നേരെ വീട്ടിലേക്കെത്തി. വീട്ടിൽ കയറാൻ പോലും നിൽക്കാതെ രണ്ടു പേരും ഓട്ടോ പിടിച്ച് ടൗണിൽ പോയി. കിട്ടിയ മൂവായിരത്തിന് മുഴുവനായി അവർ സാരി വാങ്ങി ഒരു രൂപപോലും അവർ അതിൽ നിന്ന് അയാൾക്ക് കൊടുക്കുകയോ വേണമോ എന്ന് ചോദിക്കുകയും ചെയ്തിട്ടില്ല. എങ്കിലും അയാൾ ഒന്നും മിണ്ടിയില്ല. ഇത് ഞാൻ നമ്മുടെ കല്യാണം കഴിഞ്ഞ നാളിൽ ഒന്നു നിങ്ങളുടെ കൈ കൊണ്ട് കിട്ടണം എന്നാഗ്രഹിച്ചതാ. പറഞ്ഞു മുപ്പത്തഞ്ചു കൊല്ലം കഴിഞ്ഞിട്ടാണെ ങ്കിലും അത് നടന്നു. ഒരു കാര്യം കൂടി അടുത്ത മാസത്തെ ശമ്പളം കൂടി എനിക്ക് തരണം? ഒരു ചെറിയ മോതിരം വാങ്ങണം ഒരു ഗ്രാമായാലും മതി. പിന്നെ നിങ്ങൾ എന്ത് വേണമെങ്കിലും ചെയ്തോ തരാം അയാൾ പറഞ്ഞു. അടുത്തമാസത്തെ ശമ്പളത്തിനായി അയാൾ ദിവസങ്ങളെണ്ണിത്തുടങ്ങി. എന്ത് പറ്റി കിടക്കാൻ നേരത്ത് ഈയിടെയായി പറ്റിയ ഒരു സംഭവമാണല്ലോ ഇത്. ചെവിക്കു താഴെ ടൈഗർ ബാം പുരട്ടിക്കൊണ്ടിരുന്ന ഭാര്യയോട് അയാൾ തമാശരൂപേണ ചോദിച്ചു. കുറേക്കാലമായി ഇവിടെ നല്ല വേദന വൈകുന്നേരമാകുമ്പോൾ പ്രത്യേകിച്ചും. ഭാര്യ ഹോസ്പിറ്റലിൽ അഡ്മിറ്റായി. അവൾ ഭർത്താവിനെ വിളിച്ചു പറഞ്ഞു ചെറിയ ഓപ്പറേഷൻ വേണമെന്ന്. അതുകൊണ്ട് നിങ്ങൾ വരുമ്പോൾ ആ ഫ്ലാസ്കും വിരിയും എടുത്തോളു.
വൈകുന്നേരത്തിനുള്ളിൽ പറഞ്ഞ സാധനവുമായി അയാൾ വന്നു കൂടെ മകനുമുണ്ടായിരുന്നു. അങ്ങനെ രാവിലെ തന്നെ ഭാര്യയെ ഓപ്പറേഷൻ മുറിയിലേക്കു കൊണ്ടു പോയി .ഓപ്പറേഷൻ കഴി ഞ്ഞു ഒരു മണിക്കൂർ കഴി ഞ്ഞു റൂമിലേക്ക് മാറ്റി. മകനെ അടുത്താക്കി അയാൾ പോയി

## ഗുളിക

**അമ്മക്ക് ചെറിയനെഞ്ച് വേദന ഡോക്ടറെ വിളിക്കാൻ പറഞ്ഞു അമ്മയെ വേഗം ഓപ്പറേഷൻ മുറിയിലേക്ക മാറ്റണം എന്തോ കോപ്ലികേഷൻ കാണുന്നണ്ട് അവർ പറഞ്ഞു മകൻ അഛനെ വിളിച്ചെന്്കിലുംഅഛൻ എത്തിയപ്പോഴേകം എല്ലാംഅവസാനിച്ചിരുന്നു . കൂട്ടംകൂടിനിന്നവരിൽ ചിലർ പറയുന്നുണ്ടായിരുന്നു ഡോക്ടർക്ക് പറ്റിയ അബദ്ധമാണ് . അയാൾ അവസാനമായി. ഇറങ്ങിനടന്നു. രണ്ടാംമാസത്തെ ശമ്പളം ചുരുട്ടി കയ്യിൽ പിടിച്ചിരുന്നു. അവർ പരസ്പരം സ്നേഹിച്ച് തുടങ്ങിയിട്ടേയുണ്ടായിരുന്നുള്ളൂ. അപ്പോഴേക്കും അയാളെ തനിച്ചാക്കി ഭാര്യ പോയി......**

**FATHIMA LIYA**

# സ്വർഗ്ഗത്തിൽ ഒരു കൊട്ടാരം

ശങ്കി പണിക്കരും കുറുപ്പനാശാരിയും അയൽവാസികളായിരുന്നു. എന്നാൽ അവർ ശത്രുക്കളായിരുന്നു

അവരുടെ ഭാര്യന്മാർ തമ്മിൽ എപ്പോഴും കലഹിക്കും . കുറുപ്പനാശാരിയെ ഒന്നു ചതിക്കണം .

അതിനുള്ള മാർഗ്ഗം ചിന്തിച്ചു നടക്കുകയായിരുന്നു ശങ്കി പണിക്കർ. അങ്ങിനെയിരികെയാണ് അവിടുത്തെ രാജാവ് ശങ്കിപണിക്കരെ

ഒരു പ്രശ്നം വെച്ചുനോക്കാൻ വിളിപ്പിച്ചത് ശങ്കിപണിക്കർ കൊട്ടാരത്തിൽ എത്തി രാശി വെച്ചു പറഞ്ഞു മരിച്ചു പോയ ഇവിടുത്തെ മഹാരാജാവിന്റെ

കോപമുണ്ട്. പിതൃ കോപത്തിന്ന് പരിഹാരമായി സ്വർഗ്ഗത്തിൽ ഒരു കൊട്ടാരം തീർത്തു

കൊടുക്കണം.

എന്റെ അയൽവാസി ഒരു തച്ചുശാസ്ത്ര വിദക്തനാണ് കുറുപ്പനാശാരിയെ

വിളിച്ച് കൽപ്പിച്ചാൽ മതി. ശങ്കര പണിക്കർ വീട്ടിലെത്തി ഭാര്യയോട് കാര്യം

പറഞ്ഞു.പണിക്കരുടെ ഭാര്യ അയൽവാസിയുടെ ഭാര്യ കേൾക്കാൻ വേണ്ടി

ഉച്ചത്തിൽ വിളിച്ചു പറഞ്ഞു . കേട്ടില്ലേ രാജാവ് വിളിക്കുന്നുണ്ടന്ന് നിന്റെ ഭർത്താവിനെ

സ്വർഗ്ഗത്തിൽ ഒരു കൊട്ടാരം ഉണ്ടാക്കാൻ,രാജ കൽപ്പന അനുസരിക്കാതിരുന്നാൽ കഴുത്തിൽ

തല കാണില്ല. പണിക്കരുടെ ഭാര്യക്ക് സന്തോഷമായി.കുറുപ്പനാശാരിയുടെ ഭാര്യയുടെ

അഹങ്കാരം നിൽക്കുമല്ലോ.

രാജാവ് കുറുപ്പനാശാരിയെ കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു. താൻ സ്വർഗ്ഗത്തിൽ ചെന്ന് എന്റെ

പിതാവിന്ന് കൊട്ടാരം പണിയണം.

കുറുപ്പനാശാരി താണു വണങ്ങി രാജാവിനോടഭ്യർത്ഥിച്ചു.

പണിക്കർ മുഹൂർത്തം നോക്കി ഓലയിൽ കുറിച്ചു തന്നിട്ടു പോരെ മറ്റു കാര്യങ്ങൾ....

ശരിയാണ് പണിക്കർ പോയി ഗണിച്ചു വരട്ടെ .

ഭടൻമാർ ശങ്കു പണിക്കരെ അന്വേഷിച്ചിറങ്ങി.

നോക്കണേ താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീണു.

KADEEJA MIZAJ .O.M 8D

# ഒരു പ്രവാസിയുടെ ജീവിതം

എടാ അനൂപേ, എനിക്ക് വിസ റെഡിയായി ഒരാഴ്ച്ചക്കകം ഞാൻ ഗൾഫിൽ പോകും. അതേയോ നീ തിരിച്ച് വരുമ്പോൾ എനിക്ക് എന്ത് കൊണ്ടുവരും . വിധിയുണ്ടെങ്കിൽ നിനക്ക് ഇഷ്ടപ്പെട്ടത് ഞാൻ കൊണ്ടു വരാം . ഞാൻ പോകുന്ന ദിവസം നീ എന്റെ വീട്ടിൽ ഉണ്ടാവണം. അങ്ങനെ അവന് പോകാനുള്ള ദിവസം ആയി. അനൂപ് ഞാൻ പോവാട്ടോ. അനൂപ് അവനെ കെട്ടി പിടിച്ചു. പോകുന്നതിന് മുമ്പ് തന്നെ എനിക്ക് എന്താ കൊണ്ടുവരികാ എന്ന് ചോദിച്ചത് നിനക്ക് സങ്കടമായി എന്ന് എനിക്ക് അറിയാം . നിന്നെ സങ്കടപെടുത്താൻ ചോദിച്ചതല്ല ഞാൻ ഒരു തമാശക്ക്
വേണ്ടി ചോദിച്ചതായിരുന്നു. അനസ്, എനിക്ക് നല്ല സുഹൃത്തായി നീ മാത്രമേ ഉള്ളൂ. സന്തോഷത്തോടെ പോയി വാ ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. അനൂപ് എനിക്ക് സമയമായി ഞാൻ ഇറങ്ങാ. നിറ കണ്ണുകളോടെ അനസ് തന്റെ ബാഗും എടുത്തു വണ്ടിയിൽ കയറി. ഞാൻ അവിടെ എത്തീട്ട് വിളിക്കാം രണ്ട് ദിവസം കൊണ്ട് അവൻ അവിടെയെത്തി റൂമെടുത്തു. അടുത്ത ദിവസം തന്നെ അവൻ ജോലിയിൽ പ്രവേശിച്ചു.അവൻ വീട്ടുകാരെയും അനൂപിനേയും വിളിച്ചു.എല്ലാവരും അവനുമായി സംസാരിച്ചു.ഓരോരുത്തരും വരുമ്പോൾ ഓരോരൊ സാധനങ്ങൾ കൊണ്ടുവരണം എന്ന് ആവിശ്യപ്പെട്ടു. പക്ഷെ അനൂപിന് വിളിച്ചപ്പോൾ അനൂപ് ഒന്നും തന്നെ കൊണ്ടുവരാൻ ആവിശ്യപ്പെട്ടില്ല. മാത്രമല്ല അവനെ സങ്കടപെടുത്തുന്ന ഒരു വാക്കു പോലും പറഞ്ഞില്ല . ദൈവം എപ്പോഴും തന്റെ കൂടെ ഉണ്ടാകും. ഞാൻ വരുമ്പോൾ തനിക്ക് എന്താണ് കൊണ്ടു വരേണ്ടത് എന്ന് അനസ് അനൂപിനോട് ചോദിച്ചു. അനൂപ് പറഞ്ഞു എനിക്ക് നിന്റെ സ്നേഹവും ആശ്വാസ വാക്കുകളും മതി. കാലം കടന്നു പോയി ദിവസം കഴിയും തോറും അവൻ വീട്ടുകാരേയും അനൂപിനേയും വിളിക്കുമായിരുന്നു. അനൂപിന്റെ ആശ്വാസ വാക്കുകളായിരുന്നു അവനെല്ലാം. കുറേ കാലത്തിനു ശേഷം അനസിന്റെ വിളി ഇല്ലാതായി എന്ത് സംഭവിച്ചെന്ന് അറിയാതെ അനൂപും വീട്ടുകാരും പേടിച്ചുപോയി. പിന്നീട് അനസ്സിന്റെ കൂടെ ജോലി ചെയ്യുന്ന ഒരാളുടെ വിളി വന്നു ഹലോ ഇത് അനസ്സിന്റെ വീട് അല്ലേ ? അതേ ഇത് ആരാ ? ഇത് അനസ്സിന്റെ കൂടെ ജോലി ചെയ്യുന്ന ഒരാളാണ്.

പൊട്ടികരഞ്ഞു കൊണ്ട് അവന്റെ ഉമ്മ ചോദിച്ചു: എന്റെ മോന് എന്താ പറ്റിയത് . ഉമ്മാ വിഷമിക്കരുത്. അവൻ ജെയിലിൽ ആണ്. ഉമ്മ ചോദിച്ച എങ്ങനെ ? അവൻ പറഞ്ഞു ഞങ്ങളിൽ വെച്ച് ഏറ്റവും നല്ല ജോലിയും ശമ്പളവും അനസ്സിനായിരുന്നു. അതിൽ അസൂയ തോന്നിയ കൂട്ടുകാർ അവനെ മന പൂർവം കുടുക്കുകയായിരുന്നു. അവൻ വിളിക്കുമ്പോൾ നിങ്ങൾ ആവശ്യപെട്ടത് കൊണ്ട് വരണം എന്നായിരുന്നല്ലോ. ഒരു നിമിഷം നിങ്ങൾ അവന്റെ ഭാഗത്തു നിന്ന് ചിന്തിച്ച നോക്കിയിട്ടുണ്ടോ അതും കേട്ടപ്പോൾ വീട്ടുകാരുടെ മുഖം വല്ലാതെ ആയി. വർഷങ്ങൾ, പിന്നിട്ടു. പെട്ടന്ന്, ഒരു വിളി ,ഉമ്മാ....ഞാൻ അനസ്സാണ് . ഇന്ന്  രാത്രി എട്ട് മണിയുടെ ഫ്ലയിറ്റിന്  ഞാൻ വരുന്നു . പെട്ടന്ന് തന്നെ ഫോൺ വെച്ചു. അനൂപ്  അനസ്സിന്റെ വീട്ടിലേക്ക് ചെന്നു.  അനസ്സിനെ കൊണ്ട് വരാൻ പോകേണ്ടെ ഉപ്പയുടെ അനുജനും പെങ്ങൾമാരും പറഞ്ഞു. ഒരു ചില്ലി കാശു പോലും ഇല്ലാതെ വരുന്ന അവനെ കൂട്ടികൊണ്ട് വരാൻ പോവുകയോ പുഛം തോന്നുന്നു. ഞങ്ങളാരും പോരുന്നില്ല അവനെ കൊണ്ടുവരാൻ. ഇത് കേട്ട അനൂപിന് സങ്കടം ആയി . അനൂപ് പറഞ്ഞു , നിങ്ങളാരും പോരുന്നില്ലെങ്കിൽ ഞാൻ തന്നെ എന്റെ കൂട്ടുകാരനെ കൊണ്ടു വന്നോളാം . ഇത് പറഞ്ഞ അവൻ അവന്റെ  വണ്ടി എടുത്ത് എയർപ്പോട്ടിലേക്ക് പോയി. അനസ്സ് വന്നു അവൻ വണ്ടിയിൽ കയറി. ജയിലിൽ ആയതിന് ശേഷം വീട്ടിൽ ഉണ്ടായ സംഭവങ്ങളും ഉപ്പയുടെ അനുജൻമാരും പെങ്ങന്മാരും പറഞ്ഞ കാര്യങ്ങൾ അനൂപ് അനസ്സിനെ അറിയിച്ചു. അത് കേട്ട അനസ്സിന്റെ ഹൃദയം വിങ്ങി പൊട്ടി അനൂപ് പറഞ്ഞു, നീ വിഷമിക്കേണ്ടെടാ...കൂടെ ജനിച്ചില്ലേലും കൂടപ്പിറപ്പായി ഞാനുണ്ട് നിന്റെ കൂടെ . അത് കേട്ട അനസ്സ് അനൂപിനെ കെട്ടിപിടിച്ച അവർ വീട്ടിലേക്കെത്തി. ഉമ്മ ഒഴിച്ച് ബാക്കി ആരും തന്നെ അവനെ സ്വീകരിച്ചില്ല . പിറ്റേ ദിവസം രാവിലെ ഉമ്മ അനസ്സിനെ വിളിച്ചു. മോനെ എഴുന്നേൽക്ക് , വാതിൽ തുറന്നില്ല ഉമ്മ വീണ്ടും വിളിച്ചു. ഒരു ശബ്ദവും കേൾക്കുന്നില്ല  ഉമ്മ ഉടനെ വീട്ടുക്കാരോട് പറഞ്ഞു അവരാരും അത് കേട്ട ഭാവം നടിച്ചില്ല . ഉമ്മ ഉടനെ അനൂപിനെ വിളിച്ചു. അനൂപ് ഓടിയെത്തി അനൂപ് അനസ്സിനെ വിളിച്ച നോക്കി . അനസ്സ്  മിണ്ടുന്നില്ല ഒടുവിൽ അനൂപ് വാതിൽ കുത്തിതുറന്നു. അവൻ പുതപ്പ് കൊണ്ട് മുഖം മൂടി കിടക്കുകയാണ് . അത് ശരി വിളിച്ചിട്ട് മിണ്ടാതെ കിടക്കുകയാണല്ലെ ....... എണീക്കടാ എന്നു പറഞ്ഞ് അനൂപ് അവന്റെ തലയിൽ നിന്ന് പുതപ്പ് മാറ്റി.ആ കാഴ്ച്ച കണ്ട് അവൻ ഞെട്ടിപ്പോയി. അവന്റെ മൂക്കിൽ നിന്ന്  ചോര വരുന്നുണ്ടായിരുന്നു

ഉടനെ തന്നെ അവനെ അവൻ ആശുപത്രയിൽ എത്തിച്ചു ഐ സി യു വിൽ പ്രവേശിപ്പിച്ചു. മണിക്കൂറിന് ശേഷം ഡോക്ടർ ഐ.സി.യു വിൽ നിന്ന് പുറത്തിറങ്ങി. അനൂപ് ചോദിച്ചു -കുഴപ്പം ഒന്നും ഇല്ലല്ലോ ഡോക്ടർ. ഡോക്ടർ പറഞ്ഞു : ദൈവം നിങ്ങളെ കൈവിട്ടിരിക്കുന്നു. ഇനി ഒരിക്കലും അവൻ നിങ്ങളുടെ ജീവിതത്തിലേക്ക് തിരിച്ചു വരികയില്ല. അത് കേട്ട് ഉമ്മയും അനൂപും പൊട്ടിക്കരഞ്ഞുപോയി. വീട്ടിൽ നിന്ന് ആരും ആശുപത്രിയിലേക്ക് വന്നതേയില്ല. അനസിനെ മറവു ചെയ്തു.

പണം ഇല്ലാത്ത കാരണത്താലാണ് അനസിനെ അവന്റെ വീട്ടുകാർ ഒഴിവാക്കിയത്. പക്ഷേ നല്ല സുഹൃത്തിനും നൊന്തു പ്രസവിച്ച ഉമ്മയ്ക്കും മാത്രമേ അവനെ മനസ്സിലാക്കാൻ സാധിച്ചുള്ളൂ.

"പണം ഒന്നുമല്ല,സ്നേഹമാണ് വലുത്" .

**FATHIMA NASLA 8D**

# നടക്കാതെ പോയ

# ഒരു സ്വപ്നം

സ്വപ്നം ഒരുപാടു പ്രതീക്ഷകൾ നൽകി
ജീവിതമാം പ്രായാണത്തിനിടയിൽ
എന്റെ സ്വപ്നസാക്ഷാൽകരത്തിനായി യത്നിച്ചു-
എന്റേത് മാത്രം ശരിയാണെന്നഹങ്കരിച്ചു.
നിറങ്ങളാൻ നിറയ്ക്കപ്പെട്ട ഈ മായിക ലോകത്തിൽ
ജീവിതം സ്വപ്ന വഴിയിലായി
തെറ്റിലേക്ക് വീണ്ടും ഞാൻ വഴുതി വീണു.
തെറ്റുകൾക്കവസാനം എന്റെ ജീവിത-
വഴികളെല്ലാം മിഥ്യയാണെന്ന് തിരിച്ചറിഞ്ഞ-
പ്പോഴേക്കുമെന്റെ ജീവിതം
ദു:ഖ ഭാരത്തിൽ നിറഞ്ഞിരുന്നു!
എന്റെ മോഹങ്ങളും ധാരണകളും
വെറുമൊരു സ്വപ്നങ്ങളാണെന്ന
തിരിച്ചറിവിൽ ഞാൻ ഇന്നും ദു:ഖിതയാണ്
ഇന്ന് മോഹഭംഗങ്ങൾ നിറഞ്ഞ എൻ
ജീവിതത്തിന് തുണയായി, നഷ്ട സ്വപ്നങ്ങൾ മാത്രം.

SHANA PC 9K

# സഹയാത്രികരാം എൻ അധ്യാപകൻ

എൻ ജീവിതത്തിൽ അന്നും
ഇന്നും തോളോട് തോൾ
ചേർന്നവരായിരുന്നു
ശാസിച്ചും സ്നേഹിച്ചും നമ്മുടെ പാതയിൽ
നടക്കാൻ പഠിപ്പിച്ചവർ
പുതു സ്വപനങ്ങൾ പടുത്തുയർത്താൻ കൂട്ടായവർ
നിഴലു പോൽ നടന്നെന്നെ പറക്കാൻ
പ്രാപ്തരാക്കിയവർ ...............................
തളരരുതെന്നായിരം തവണ മന്ത്രമായി
ചൊന്നവർ
ജീവിതത്തിൽ അനുവാദമില്ലാതെ
സ്ഥാനം നേടിയവർ.
അൽപ്പനേരമെങ്കിലും തളരാതെ
കാവലാളയവർ
ചിരിയിലൂടെ ദുഃഖം മറക്കാൻ
മാതൃകയായവർ...........................................
ഒരുനാൾ പിരിയുമെന്നറിഞ്ഞിട്ടും
മക്കളെ പോലെ ചേർത്തു നിർത്തിയവർ
അവരാണെന്റെ സഹയാത്രികർ
എൻപ്രിയ അദ്ധ്യാപകർ

ADEEBHA JUBIN 10TH J

# അമ്മ

മാസങ്ങൾ പത്തു ചുമന്നു നിന്നെ



നൊന്തു പ്രസവിച്ചതമ്മയല്ലേ
ഉണ്ണി വയറു വിശന്നിടുമ്പബോൾ
അമ്മിഞ്ഞ യേകുന്ന തമ്മയല്ലേ?
പിച്ച നടന്നു പിച്ച നടന്നു പിടിച്ചു വീണാൽ
കൊച്ചു കാലമ്മ തിരുമ്മുകയില്ലേ?
ചെമ്മണ്ടു പൂണ്ട കവിൾ തടത്തിൽ
ഉമ്മ തരുന്ന ഒരുമ്മയല്ലേ
ചെമ്മണ്ണു പൂണ്ട കവിൾ തടത്തിൽ
ഉമ്മ തരുന്നൊരുമ്മയല്ലേ?
മണ്ണും ചെളിയും പുരണ്ടു ചെന്നാൽ
തിണ്ണം കുളിപ്പതമ്മയല്ലേ
കണ്ണിലുറക്കം കയറിടുമ്പോശൾ
പാടിയുറകക്കുന്നതമ്മയല്ലേ
സ്നേഹത്തിനെന്നുമിരിപ്പിടമാം
അമ്മ കാണപ്പെട്ടും ദൈവമല്ലേ?
പൊന്മകനേ !നിൻ നന്മയൊന്നേ
അമ്മ പറഞ്ഞാലനുസരിക്ക-
നന്മ വരും നിനക്കില്ല തർക്കം
കാത്തിരിപ്പിനൊടുവിൽ .......

NAJIYA M 8D

# THE WONDERS OF MONTHS

New year starts in January cooling our body and mind. January is the shortest month and march the time of exam .school close in the month of march April brings happy Vishu yellow 'konnas' bloom in april children play under trees in May . May flowers bloom bringing happiness .Rain starts in june every year .Tiny drops shine like diamonds .July brings the heavy rain .Frogs cry sitting in the ponds. Onam comes in august .flowers bloom every where .Teachers day in September .children give roses to teachers October brings beautiful showers .And it lights Deewali lambs .November step with cold wind December bring Happy Christmas.

KEERTHI A 8K

# THE FIRST DAY OF SCHOOL



I've got a brand new lunch box
My shoes are shiny clean
I've got a cool,New bag
And pencil box that’s green

But i don't know my teacher
or where my desk will be
I don't know if i will like the kids
or if they I will with me

I peep  inside my class room
I stand there for a while
My teachers Tall and kind of loud
But has a great big smile

And , best of all She's got my
favourite book upon the shelf
i kiss my mother of the door
And walk in by myself

SWETHA .M 8 K

# കാത്തിരിപ്പിനൊടുവിൽ

നിനുവിന് ഇന്ന് വലിയ സന്തോഷമാണ്.അവളിടെ ഉപ്പ ഇന്ന് ഗൾഫിൽ പോവുകയാണ്.ക്ലാസിലെ തസ്നിയുടെ ഉപ്പയും ഗൾഫിൽ പോയിട്ടുണ്ട്.വരുമ്പോൾ മിഠായിയൊക്കെ കൊണ്ടുവരും.ഉപ്പ യാത്ര പുറപ്പെട്ടു.ഒരു ചെറിയ ബാഗ് മാത്രമുണ്ട് ഉപ്പയുടെ കയ്യിൽ.പോകുമ്പോൾ കയ്യിൽ ഉപ്പ ഒരു പുതു പുത്തൻ പത്തു രൂപ കൊടുത്തു.നിനുവിൻെ കയ്യിൽ ആപത്തു രൂപ നിനുവിനെ നൊക്കി ചിരിച്ചു.ഉപ്പ ചെറിയ ബാഗ് കോണ്ടു പോയപ്പോൾ നിനുവിന് ഒരു സംശയം ,ചെറിയ ബാഗ് കൊണ്ടു പോയാൽ ഇത്തിരി മിഠായിയല്ലേ കിട്ടുകയുള്ളൂ........?.ആ സംശയം അവളുടെ ഹൃദയത്തിൽ ആഞ്ഞു തട്ടി .സംശയം ആഴങ്ങളിലേക്ക് ഊന്നിയിറങ്ങി.അത് പിന്നെയും മുളച്ചു പൊന്തിക്കൊണ്ടേയിരുന്നു.

ഉപ്പ വിമാനത്തിൽ പറന്നുയർന്നു.രണ്ട് ദിവസത്തിനു ശേഷം ഉപ്പയുടെ വിളി വന്നു.ഉപ്പ വിമാനത്തിൽ പറന്നുയർന്നു. രണ്ടു ദിവസത്തിനു ശേഷം ഉപ്പയുടെ വിളി വന്നു. ' ഞാനിവിടെ എത്തി. മക്കയും മദീനയും കണ്ടു. എനിക്ക് നല്ലത് വരാൻ പ്രാർത്ഥിക്കണം'. അടുത്തത് നിനുവിന്റെ ഊഴമാണ്. നിനു ഫോൺ കൈയ്യിലെടുത്തു. ഉപ്പാ.. ങള്  ഗൾഫിലെത്തീല്ല്യേ ങള് വരുമ്പോള് ക്ക് മുട്ടായി കൊണ്ടത്തരണട്ടോ. പിന്നെ നിനു മോൾക്ക് മിഠായി കൊണ്ടു വരാതിരിക്ക്യോ? പിന്നെ നിനു മോൾ നന്നായി പഠിക്കണം പഠിച്ച് പഠിച്ച് ഒരു ഡോക്ടറാകണം. ആ ഞാൻ ഡോക്ടറാകും ഉപ്പാ. നിനു ഫോൺ വെച്ചു. ഉപ്പയുടെ വാക്ക് മുഖവിലക്കെടുത്ത് നിനു തന്റെ ശ്രദ്ധ പഠനത്തിലേക്ക് തിരിച്ചു വിട്ടു. കാലം കടന്നുപോയ്. ഉപ്പ ഗൾഫിലും ഇപ്പോൾ അവൾ അഞ്ചാം ക്ലാസിലാണ്. ഇനി മൂന്നു ദിവസം കഴിഞ്ഞാൽ ഉപ്പ വരും.  അതിന്റെ സന്തോഷത്തിലായിരുന്നു അവൾ. ക്ലാസിൽ ഒന്നാം സ്ഥാനം കിട്ടിയ കാര്യം ഉപ്പയോട് നേരിട്ട് പറയാൻ അവൾ കാത്തിരുന്നു. അന്നു ഉപ്പയുടെ ഫോൺ വന്നു. നിനുമോൾക്ക്

## ഗുളിക

എന്താണ് കൊണ്ടുവരേണ്ടത് എന്ന് ചോദിച്ചു. എനിക്കൊരു ബൊമ്മക്കുട്ടിയെ വേണം അവൾ മറുപടി പറഞ്ഞു. അങ്ങനെ രണ്ടു ദിവസങ്ങൾ കടന്നു പോയി. മൂന്നാമത്തെ പ്രഭാതം.കണ്ണു തിരുമ്മി കോട്ടുവായിട്ട് അവൾ എണീറ്റു. വേഗം കുളിച്ച് സുന്ദരിയായി വന്നപ്പോൾ ഉമ്മ പത്രം കയ്യിൽ പിടിച്ച് കരയുന്ന കാഴ്ച്ചയാണ് കണ്ടത്. മുറ്റത്ത് കുറേ ആളുകൾ കൂടിയിരിക്കുന്നു. എല്ലാവരും ഉപ്പയെക്കാണാൻ വന്നതായിരിക്കുമെന്ന് അവളുടെ മനസ്സ് മന്ത്രിച്ചു. പെട്ടന്ന് ഒരു വെളുത്ത വണ്ടി വന്ന് മുറ്റത്തു നിന്നു. അതിൽ നിന്നൊരു പെട്ടിയിറക്കി. അവളത് കണ്ട് സന്തോഷിച്ചു. തനിക്ക് കൊണ്ട് വന്ന ബൊമ്മക്കുട്ടിയായിരിക്കുമെന്ന് കരുതി. എല്ലാവരും പെട്ടിയുടെ അടുത്തേക്ക് ഓടിചെന്നു. അവരകത്തേക്ക് കേറ്റി പെട്ടി പതുക്കെ തുറന്നു. അതാ തന്റെ ഉപ്പ വെള്ള പുടവയിൽ. അവളുടെ കുഞ്ഞു മനസ്സ് തകർന്നു പോയ്. മനസ്സിലെ ചില്ലുകൊട്ടാരം തകർന്നടിഞ്ഞു വീണു. അവൾ വാവിട്ട് കരഞ്ഞു. കണ്ണുനീർ തുള്ളികൾ ഉപ്പായുടെ മുഖത്തേക്ക് ഇറ്റിറ്റ് വീണു. അവിടമാകെ കണ്ണീർ കളമായി വന്നവരെല്ലാം ദുഖമടക്കാനാവാതെ നെടുവീർപ്പിട്ടു. ആരോ പറയുന്നത് കേട്ടു തിരിച്ചു വരുമ്പോൾ വിമാനത്തിൽ കുഴഞ്ഞുവീണാണ് നിനവിന്റെ ഉപ്പ മരിച്ചത്. അവൾ തേങ്ങി കരഞ്ഞു. നാട്ടുകാരെല്ലാം പിരിഞ്ഞുപോയി ഉപ്പയുടെ മരണം അവളെ തളർത്തിയെങ്കിലും അവൾ നന്നായി പഠിച്ചു. ഇന്നവളൊരു ഡോക്ടറാണ്. അവസാനമായി ഉപ്പാക്കു കൊടുത്ത വാക്ക് പാലിക്കാനവൾ മറന്നില്ല. ഉപ്പ തന്റെ കൂടെത്തന്നെ ഉണ്ടെന്ന് വിചാരിച്ച് അവൾ ജീവിതത്തിന്റെ പുസ്തകത്താളുകൾ മറിച്ചുകൊണ്ടിരിക്കുന്നു.....

**ഫാത്തിമ റിഷാദ എം.പി 8D**

# 2018 ലെ കാഴ്ചകൾ







അറഹ























കുട നിർമ്മാണ പരിശീലനം



NMMS TRAINING



# നന്ദി

മഷി പുരളാത്ത നമ്മുടെ ഉലിക ഇവിടെ പരിസമാപ്തി കുറിക്കുകയാണ് . ഈഡിജിറ്റൽ മാഗസ്സിൻ പുറത്തിറക്കുക എന്ന സ്വപ്നസാക്ഷാത്കാരത്തിനു വേണ്ടി അതിലേക്കായി  സൃഷ്ടികൾ തന്നവരേയും,അതിനോട് സഹകരിച്ചവരേയും ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചു കൊണ്ട് വിടവാങ്ങുകയാണ്.

നന്ദി.....നന്ദി............നന്ദി

SHAMSUDHEEN (KITE MASTER)

PRASEETHA K (KITE MISTRESS)

ലോകാ സമസ്താ സുഖിനോ ഭവന്തു:

# ശുഭം